WWW.KERALATIMES.COM

കേരളാ ടൈംസ്

OCTOBER, 2025

American Newspaper

news@keralatimes.com

SPECIAL EDITION NEWYORK



"FOKANA Region-3 (New York – Upstate) Regional Convention & Youth Festival 2025-ന് ഹൃദയം നിറഞ്ഞ ആശംസകൾ!

ഈ ഉത്സവം യുവജനങ്ങൾക്ക് സാംസ്കാരികവും വിനോദപരവുമായ വളർച്ചയുടെ അവസരമാകും,Drama, Singing, Dance, Playzone, Food Festival, Spelling Bee തുടങ്ങിയ പരിപാടികളിലൂടെ എല്ലാവർക്കും സന്തോഷവും പുതിയ അനുഭവങ്ങളും നൽകട്ടെ. എല്ലാവർക്കും വിജയവും സന്തോഷവും നിറഞ്ഞ ഒരു ദിവസം ആയിരിക്കട്ടെ! എന്ന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു !"

ഫൊക്കാനയുടെ മുൻ പ്രസിഡന്റും ,കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിൽ

FOKANA REGION-3 (NEW YORK – UPSTATE) REGIONAL CONVENTION & YOUTH FESTIVAL 2025



ന്യൂ യോർക്ക് അപ്പ്സ്റ്റേറ്റ് റീജിയണൽ കൺവെൻഷനിൽ ഫാദർ ഡേവിസ് ചിറമേൽ മുഖ്യഅഥിതി.

ന്യൂ യോർക്ക് : ന്യൂ യോർക്ക് അപ്പ്സ്റ്റേറ്റ് റീജിയണൽ കൺവെൻഷൻ 2025 ഒക്ടോബർ 25, ശനിയാഴ്ച റോക്കലാൻഡ് കൗണ്ടിയിലെ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് (400 Willow Grove Road, Stoney Point , Rockland County) വിവിധ പരിപാടികളോട് നടത്തുബോൾ മുഖ്യഅഥിതിയായി ഫാദർ ഡേവിസ് ചിറമേൽ പങ്കെടുക്കുന്നു.ഫൊക്കാന റീജിണൽ കൺവെൻഷനോട് അനുബന്ധിച്ചു ഫുഡ് ഫെസ്റ്റിവൽ, യൂത്ത് ഫെസ്റ്റിവൽ, സ്പെല്ലിങ് ബീ കോംപറ്റീഷൻ, ചിട്ടുകളി മത്സരം, ഫൊക്കാന കിക്ക് ഓഫ് തുടങ്ങിയ നിരവധി പരിപാടികളോട് ആണ് റീജണൽ കൺവെൻഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. വൈകിട്ട് നടക്കുന്ന പൊതുസമ്മേളനത്തിൽ ഫാദർ ഡേവിസ് ചിറമേൽ മുഖ്യഅഥിതിയായി പങ്കെടുക്കുന്നതാണ്. വളരെ സരസമായി തൃശ്ശൂർ ശൈലിയിൽ സംസാരിക്കുന്ന അച്ചന്റെ പ്രസംഗങ്ങൾക്ക് ആരാധകർ ഏറെയാണ്.സാമൂഹികസേവനപ്രവർത്തനങ്ങള് കൊണ്ട് പ്രശസ്തനായ അദ്ദേഹം കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ എന്ന അവയവദാനവുമായി ബന്ധപെട്ട സന്നദ്ധസംഘടനയുടെ സ്ഥാപകനും ചെയർമാനുമാണ് ഫാദർ ഡേവിസ് ചിറമേൽ. സ്വന്തം കിഡ്നി ദാനം നല്കിയാണ് അദ്ദേഹം ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങള്ക്ക് തുടക്കം കുറിച്ചത്.മനുഷ്യർക്ക് ഹൃദയത്തില് നിറയെ അലിവുണ്ടാവണമെന്നും നമ്മളെ കൊണ്ട് മറ്റുള്ളവർക്ക് എന്തു ഗുണം കിട്ടുമെന്ന് ഓരോരുത്തരും ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണമെന്നും അങ്ങനെയുള്ള മനുഷ്യരിൽ ദൈവത്തിന്റെ കടാക്ഷം ഉണ്ടകുമെന്നും അച്ചൻ എപ്പോഴും പറയാറുണ്ട് അത് തന്നെയാണ് ഫാദർ ഡേവിസ് ചിറമേൽ തന്റെ പ്രവർത്തികളിലൂടെ ലോകത്തിന് കാട്ടുന്നതും. പലരുടെയും മുന്നിൽ അദ്ദേഹം പല രൂപത്തിൽ ദൈവത്തിന്റെ പ്രതീകമായി സഹായവുമായി ഏത്താറുണ്ട്. ദൈവം ചെയ്യേണ്ടുന്ന കർമ്മങ്ങൾ തന്നയാണ് അദ്ദേഹം സമൂഹത്തിനു ചെയ്യുന്നത്.നവംബർ 25 ആം തീയതി ശനിയാഴ്ച നടക്കുന്ന റീജണൽ കൺവെൻഷനിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കി , റീജണൽ കോർഡിനേറ്റർ ഷീല ജോസഫ് , റീജണൽ സെക്രട്ടറി അഭിലാഷ് പുളിക്കത്തൊടി , റീജണൽ ട്രഷർ ഷൈമി ജേക്കബ് , റീജണൽ ജോയിന്റ് സെക്രട്ടറി സാജൻ മാത്യു , റീജിയണൽ സ്പോർട്സ് കോർഡിനേറ്റർ ലിജോ ജോൺ ,യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ റോയി ആന്റണി , റീജണൽ വിമെൻസ് ഫോറം റീജണൽ കോർഡിനേറ്റർ ഷൈനി ഷാജൻ എന്നിവർ അറിയിച്ചു.

For More information: Anto Varkey (RVP) 516 698-7496, Abhilash Pulikkathodi (Secretary) (518) 709-7209
Shaimi Jacob(Treasurer) (845) 445-1000, Sajan Mathew (Joint Secretary) (914) 772-4043
Sajimon Antony(National President) (862) 438-2361, Sreekumar Unnithan (National Gen.Secretary): (914) 886-2655
Lijo John (Food Festival) (516) 946-2222, Sheela Joseph(Program) 845-548-4179, Roy Antony (Youth Festival) (845) 709-1086
Cheriyan Perumal (Spelling BEE) (516) 439-9087 Stephen Kidarathil(Card Game) 718-710-6304

ഫൊക്കാന റീജിയണൽ കൺവൻഷൻ റോക്ക്ലാൻഡിൽ ഉത്സവമായി; ഫാ. ഡേവിസ് ചിറമ്മലിന്റെ ജീവിതസന്ദേശം ഹൃദയങ്ങളെ തൊട്ടു









FOKANA REGION-3 (NEW YORK – UPSTATE)

REGIONAL CONVENTION & YOUTH FESTIVAL 2025

ന്യൂയോർക്ക് · റോക്ക് ലാൻഡ് കൗണ്ടിയിൽ നടന്ന ഫൊക്കാന ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയണൽ കൺവൻഷൻ ആവേശഭരിതമായ ഉത്സവമായി. അതിഥിയായി പങ്കെടുത്ത ഫാ. ഡേവിസ് ചിറമ്മലിന്റെ ഹാസ്യചൂടും ജീവിതബോധ്യവും കലർന്ന പ്രസംഗം പങ്കെടുത്തവരുടെ ഹൃദയം കീഴടക്കി. കുട്ടികൾക്കും എളുപ്പത്തിൽ മനസ്സിലാകുന്ന തരത്തിൽ കഥയും കാരണവും ചേർത്താണ് അദ്ദേഹം സംസാരിച്ചത്.

ഫുഡ് ഫെസ്റ്റിവൽ, യൂത്ത് ഫെസ്റ്റിവൽ, സ്പെല്ലിംഗ് ബീ മത്സരം, ചിട്ടുകളി, ഫൊക്കാന കലഹാരി ഇന്റർനാഷണൽ കൺവൻഷൻ കിക്ക്ഓഫ് തുടങ്ങിയ നിരവധി പരിപാടികളോടെയായിരുന്നു ക്നാനായ സെന്ററിൽ നടന്ന കൺവൻഷൻ. വിജയികൾക്ക് സമ്മാനങ്ങൾ പൊതുസമ്മേളനത്തിൽ വിതരണം ചെയ്തു.

റീജണൽ പ്രസിഡന്റ് ആന്റോ വർക്കി അധ്യക്ഷത വഹിച്ചു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ എന്നിവർ ഫൊക്കാനയുടെ വിവിധ പദ്ധതികളെപ്പറ്റി വിശദീകരിച്ചു. “ഏകാകിയായ കിളിയുടെ സങ്കടം” എന്ന കഥയിലൂടെ പ്രസംഗം ആരംഭിച്ച ഫാ. ചിറമ്മൽ, ജീവിതത്തിൽ ചെറിയ മാറ്റങ്ങൾ കൊണ്ടുവന്നാൽ വലിയ ഫലങ്ങൾ ഉണ്ടാകുമെന്ന് ഓർമ്മിപ്പിച്ചു. മരങ്ങൾ തങ്ങളുടെ ഫലം തിന്നാത്തതുപോലെ, പുഴ സ്വന്തം വെള്ളം കുടിക്കാത്തതുപോലെ മനുഷ്യനും മറ്റുള്ളവർക്കുവേണ്ടിയാണ് ജീവിക്കേണ്ടതെന്നും, കൊടുക്കുന്നതിലാണ് യഥാർത്ഥ സന്തോഷമെന്നും അദ്ദേഹം പറഞ്ഞു.

“ഇന്നലെ മരിച്ച ശരീരമാണ്, നാളെ ജനിക്കാത്ത കുഞ്ഞാണ്; പ്രവർത്തിക്കാവുന്നത് ഇന്നാണ്” എന്ന സന്ദേശം പങ്കുവെച്ച അദ്ദേഹം, ഓരോരുത്തരും ജീവിതത്തിൽ ഒരാൾക്ക് എങ്കിലും ഒരു പുഞ്ചിരി സമ്മാനിക്കണമെന്ന് ആഹ്വാനം ചെയ്തു. വ്യക്തിത്വബോധ്യത്തോടെയും ആത്മാഭിമാനത്തോടെയും മക്കളെ വളർത്തണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

സന്തോഷ് ജോർജ് കുളങ്ങരയും ഗോപിനാഥ് മുതുകാടും നൂറിലധികം ഹെൽത്ത് പ്രൊഫഷണലുകളും ചേർന്ന് ആരംഭിച്ച “കേൾക്കാം” എന്ന ഹെൽപ്ലൈൻ പദ്ധതിയെക്കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു. ആത്മഹത്യാ ചിന്തയിൽ നിന്ന് പലരെയും പിന്തിരിപ്പിക്കാൻ ഇതിനകം 600 പേർ വിളിച്ചെന്നും അദ്ദേഹം അറിയിച്ചു.

“നിങ്ങളെപ്പറ്റി മറ്റുള്ളവർ പറയുന്നതല്ല നിങ്ങളുടെ വില. നിങ്ങളുടെ മനോഭാവമാണ് നിങ്ങളുടെ യഥാർത്ഥ മൂല്യം നിശ്ചയിക്കുന്നത്,” എന്ന സന്ദേശം നൽകി ഫൊക്കാനയുടെ പ്രവർത്തനങ്ങളെ ഫാ. ചിറമ്മൽ അഭിനന്ദിച്ചു.



ഫൊക്കാന കിക്ക്ഓഫ് ഉദ്ഘാടനം നിർവഹിച്ച പ്രസിഡന്റ് സജിമോൻ ആന്റണി, ലോകമെമ്പാടുമുള്ള മലയാളികളുടെ പങ്കാളിത്തത്തോടെ 5000 പേരുടെ മഹാകൺവൻഷനാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കി. ട്രഷറർ ജോയി ചക്കപ്പൻ കൺവൻഷൻ ഫീസുകളും പ്രൊമോഷണൽ റേറ്റുകളും സംബന്ധിച്ച് വിശദീകരിച്ചു.മികച്ച നേതൃത്വത്തിനുള്ള ആദരമായി റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കിയെ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പ്ലക്ക് നൽകി ആദരിച്ചു.കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പള്ളിൽ, അസോസിയേറ്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, മുൻ സെക്രട്ടറി ഫിലിപ്പോസ് ഫിലിപ്പ്, ട്രസ്റ്റീ ബോർഡ് അംഗങ്ങളായ ലീലാ മാരേട്ട്, തോമസ് തോമസ്, റീജണൽ വൈസ് പ്രസിഡന്റുമാരായ കോശി കുരുവിള, ലാജി തോമസ്, ഷാജി ശാമുവേൽ, നേതാക്കളായ ദേവസ്സി പാലാട്ടി, അജു ഉമ്മൻ, അലക്സ് എബ്രഹാം, ലൈസി അലക്സ്, വൈസ്മെൻ ക്ലബ് റീജണൽ ഡയറക്ടർ ജോസഫ് കാഞ്ഞമല, വെസ്റ്റ്ചെസ്റ്റർ പ്രസിഡന്റ് ജോഷി തില്ലിയാങ്കൽ എന്നിവരും പങ്കെടുത്തു.ഫൊക്കാനയുടെ ഫുഡ് ഫെസ്റ്റിവൽ അമേരിക്കൻ മണ്ണിൽ ഇന്ത്യൻ വിഭവങ്ങളുടെ ഉത്സവമായി. കർണാടക, പഞ്ചാബി, മെക്സിക്കൻ, ഹൈദരാബാദി, ഇറ്റാലിയൻ, ഗോവൻ, തമിഴ്, തായ് തുടങ്ങിയ പ്രത്യേക വിഭവങ്ങളടങ്ങിയ സ്റ്റാളുകൾ മലയാളികൾക്കും വിദേശികൾക്കും ആകർഷണമായി.രാവിലെ ഒൻപത് മണിക്ക് ചീട്ടുകളി മത്സരം തുടങ്ങി, ഉച്ചയ്ക്ക് മൂന്നുമണിമുതൽ കുട്ടികളുടെ കലോത്സവവും വിവിധ കലാപരിപാടികളും അരങ്ങേറി.റീജണൽ കോർഡിനേറ്റർ ഷീല ജോസഫ്, സെക്രട്ടറി അഭിലാഷ് പുളിക്കത്തൊടി, ട്രഷറർ ഷൈമി ജേക്കബ്, ജോയിന്റ് സെക്രട്ടറി സാജൻ മാത്യു, സ്പോർട്സ് കോർഡിനേറ്റർ ലിജോ ജോൺ, യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ റോയി ആന്റണി, കമ്മിറ്റി അംഗങ്ങളായ മാത്യു തോമസ്, ജോൺ തോമസ്, ജോർജ് കുഴിയാഞ്ഞാൽ, ഇട്ടൂപ്പ് ദേവസ്യ, ജെയിംസ് ഇളംപുരയിടത്തിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.






IKCC










FEDERATION OF KERALA ASSOCIATIONS IN NORTH AMERICA




FOKANA
NORTH AMERICA

FOKANA REGION-3 (NEW YORK – UPSTATE)

REGIONAL CONVENTION & YOUTH FESTIVAL 2025































ഫൊക്കാന ഫുഡ് ഫെസ്റ്റിവൽ ഞങ്ങൾ ഏവരും പങ്കെടുക്കുന്നു നിങ്ങളും പങ്കെടുക്കുമല്ലോ ???

ഒക്ടോബർ 25, ശനിയാഴ്ച റോക്ക്ലാൻഡ് കൗണ്ടിയിലെ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് (400 Willow Grove Road, Stoney Point , Rockland County) ഫൊക്കാന ഫുഡ് ഫെസ്റ്റിവൽ നടത്തുന്ന വിവരം അറിഞ്ഞിരിക്കു മല്ലോ ?
വിവിധ ഇന്ത്യൻ റസ്റ്റോറന്റുകൾ ഒരു മിച്ച് ഒരു കുടക്കിഴിൽ കൊണ്ടു വരുന്നു എന്ന പ്രേത്യേകത കുടി ഈ ഫുഡ് ഫെസ്റ്റിവലിനുണ്ട് . രുചിമുകുള ങ്ങളെ ത്രസിപ്പിക്കാൻ നമ്മൾ എല്ലാവരും ഒത്തു കൂടുമ്പോൾ നിങ്ങളും ഉണ്ടാ കണം.
3 മണിമുതൽ കുട്ടികളുടെ കലോത്സവം, കണ്ണഞ്ചിപ്പിക്കുന്ന വിവിധ കലാപരിപാടികൾ തുടങ്ങി നിരവധി പരിപാടികൾ ഉൾപ്പെടു ത്തിയാണ് റീജണൽ കണ്വെന്ഷൻ ചിട്ടപ്പെടു ത്തിയിരിക്കുന്നത് .
ഏവരെയും ഇതിലേക്ക് സ്വാഗതം ചെയ്യുന്നു

FOKANA REGION-3 (NEW YORK – UPSTATE) REGIONAL CONVENTION & YOUTH FESTIVAL 2025



With best compliments from
കേരളാ കൈരളി ടൈംസ്



FOKANA REGION-3 (NEW YORK – UPSTATE) REGIONAL CONVENTION & YOUTH FESTIVAL 2025











PLAYING CARDS
GAME 28 Rummy
(8.30AM-5.00PM)

1st PRIZE $750

$450 2nd PRIZE

3rd PRIZE $300

$180 4th PRIZE

Registration fee :
$180 for one team
(3 people)





Fr. DAVIS CHIRAMEL

Chairman, Kidney Federation of India

Chief Guest

Fokana Convention Kickoff Cultural Programs Prize Distribution & Dinner @ 6PM onwards


FOKANA
YOUTH FESTIVAL
2025
(2.00 PM- 6.00 PM)


SPELLING
BEE
Competition
(5.00 PM- 6.00 PM)
Format: Written Test
Levels: Grades 5–8 | Grades 9–12
Top 3 winners from each level
advance to FNSB Final

Daily News Entertainment

WORD SEARCH

Puzzle, Newspaper, Weather, Comic, Breaking, Cinema, Story, Tabloid, Photo, Politics, Article, Headline

A	N	P	S	E	M	O	Z	P	C	E	R	E	S
I	I	T	P	S	E	N	L	S	R	X	W	E	C
A	T	L	X	I	A	O	N	G	L	T	S	R	I
R	C	S	T	O	R	Y	M	N	E	R	W	T	T
T	A	I	A	C	O	M	I	C	P	A	I	N	I
I	B	C	N	G	W	E	A	T	H	E	R	A	L
C	E	I	O	E	E	N	I	L	D	A	E	H	O
L	R	C	T	E	M	W	P	U	Z	Z	L	E	P
E	A	I	R	R	C	A	E	A	O	I	H	Y	O
A	I	R	E	P	A	P	S	W	E	N	A	A	T
O	I	C	L	E	B	B	R	E	A	K	I	N	G
P	H	O	T	O	P	O	T	C	Z	O	E	O	R
O	E	E	I	T	T	A	B	L	O	I	D	T	E
E	E	I	C	I	P	R	I	T	N	A	R	T	W

നിങ്ങൾക്കറിയാമോ?... മലയാളം

ഇന്ത്യയുടെ തെക്ക് പടിഞ്ഞാറൻ ഭാഗങ്ങളിൽ, പ്രത്യേകിച്ച് കേരള സംസ്ഥാനത്തിലും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലും, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലും മലയാളം സംസാരിക്കപ്പെടുന്നു.

ഈ ലിപി വളരെ വൃത്താകൃതിയിലാണ്, കാരണം ഇത് മുമ്പ് പനയോലകളിലാണ് എഴുതിയിരുന്നത്, നേർരേഖകൾ ഉപയോഗിച്ചാൽ അവ കീറും.

മലയാളത്തിൽ പോർച്ചുഗീസ് ഉത്ഭവമുള്ള ധാരാളം വീട്ടുപകരണങ്ങളുണ്ട്: ഉദാഹരണത്തിന്, 'ചാവി' എന്നാൽ 'ചാവേ' എന്നതിൽ നിന്ന് 'താക്കോൽ' എന്നും, 'ജനാല' എന്നാൽ 'ജനേല' എന്നതിൽ നിന്ന് 'ജാലകം' എന്നും, 'അലമാര' എന്നാൽ 'അർമേറിയോ' എന്നതിൽ നിന്ന് 'അലമാര' എന്നും അർത്ഥമാക്കുന്നു.

The idiom ആന വായില് അമ്പഴങ്ങാ means 'a small fruit in an elephant's mouth', or too small an amount to satisfy a great need.

അതിന്റെ ഏറ്റവും അടുത്ത ബന്ധു തമിഴാണ്: ഏകദേശം 9-⌧ നൂറ്റാണ്ടിൽ ഒരു പൊതു പൂർവ്വികനിൽ നിന്ന് രണ്ട് ഭാഷകളും വേർപിരിഞ്ഞു.


മലയാള പദാവലിയിൽ സംസ്കൃതത്തിനും തമിഴിനും വലിയ സ്വാധീനമുണ്ട്.

COMIC





SUDOKU


		3		5			4	
4	1			8	3			2
	7		4			3	9	
6			8			2		
	5	2		9	1	4		7
		1		3			6	
	3			4			7	
1				6	7			3
5	6		3			9		4




In Loving Memory Of




















ഇന്ത്യയുടെ 'ഇരുമ്പ് വനിത'യെ ഓർത്ത് – ശ്രീമതി ഇന്ദിരാഗാന്ധിയുടെ 41-മത് രക്തസാക്ഷിത്വദിനം



രാജ്യത്തിന്റെ ചരിത്രത്തിൽ അനശ്വരമായ ഒരുപേരാണ് ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി. രാജ്യനേതൃത്വത്തിൽ ദൃഢനിശ്ചയത്തോടെയും ദൂരദർശിത്വത്തോടെയും പ്രവർത്തിച്ചിരുന്ന ഈ 'ഇരുമ്പ് വനിത'യുടെ രാജ്യം ഇന്ന് സ്മരിക്കപ്പെടുന്നു. ഒക്ടോബർ 31, ഇന്ദിരാ ഗാന്ധിയുടെ 41-മത് രക്തസാക്ഷിത്വദിനം.

1984 ഒക്ടോബർ 31-നാണ് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി തന്റെ സ്വന്തം ബോഡി ഗാർഡുകളുടെ വെടിയേറ്റ് ജീവത്യാഗം ചെയ്തത്. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കാൻ നിമിഷംവരെ പോരാടിയ നേതാവായി അവർ ഇന്നും ജനമനസുകളിൽ ജീവിക്കുന്നു. ജനാധിപത്യത്തെയും സ്ത്രീശക്തിയെയും വിശ്വസിച്ചിരുന്ന നേതാവായി ഇന്ദിരാഗാന്ധി, ഇന്ത്യൻ രാഷ്ട്രീയരംഗത്ത് മാറ്റങ്ങൾ കൊണ്ടുവന്ന ദൂരദർശിയായ നേതാവായിരുന്നു.


നേരിടേണ്ടി വന്ന കഠിനമായ വെല്ലുവിളികളിൽ പോലും രാജ്യത്തിന്റെ പുരോഗതിയ്ക്കായുള്ള തീരുമാനങ്ങൾ എടുക്കാൻ അവർക്കുണ്ടായിരുന്ന ധൈര്യമാണ് അവരെ മറ്റെല്ലാ നേതാക്കളിൽ നിന്നും വേർതിരിക്കുന്നത്. ഗ്രീൻ റവല്യൂഷൻ വഴി ഇന്ത്യയെ ഭക്ഷ്യസുരക്ഷയിലേക്കും സ്വയംപര്യാപ്തതയിലേക്കും നയിച്ചത് അവരുടെ ദൂരദർശിത്വത്തിന്റെ ഫലമായിരുന്നു. അതേസമയം, അടിയന്തരാവസ്ഥയെന്ന വിവാദഘട്ടത്തെയും അവർ ഒരു രാഷ്ട്രീയ യാഥാർത്ഥ്യമായി നേരിട്ടു. അതിനുശേഷവും ജനങ്ങളോടുള്ള ആത്മബന്ധം നഷ്ടപ്പെടാതെ അവൾ തന്റെ ജീവിതം രാജ്യത്തിനായി സമർപ്പിച്ചു.

രാജ്യത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി അവർ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമീണ സ്ത്രീകളെയും ദരിദ്രരെയും പ്രോത്സാഹിപ്പിച്ചു. 'ഗരീബി ഹടാവോ' എന്ന മുദ്രാവാക്യം സാധാരണ ജനങ്ങളുടെ ജീവിതത്തിലേക്കുള്ള പ്രതീക്ഷയായി മാറി. രാജ്യത്ത് ശക്തമായ ഭരണത്തിനൊപ്പം സാമൂഹ്യനീതിക്കും സമത്വത്തിനുമുള്ള അവരുടെ പ്രതിബദ്ധത ഇന്നും ഇന്ത്യൻ രാഷ്ട്രീയത്തിനൊരു മാതൃകയാണ്.


ഇന്ദിരാ ഗാന്ധിയുടെ രാഷ്ട്രീയജീവിതം ധൈര്യത്തിന്റെ, സമർപ്പണത്തിന്റെ, സേവനത്തിന്റെ പ്രതീകമായിരുന്നു. അവരുടെ പ്രവർത്തനങ്ങൾക്കും നേതൃഗുണങ്ങൾക്കും രാജ്യവും ലോകവും ഇന്നും ആദരാഞ്ജലികൾ അർപ്പിക്കുന്നു. അനശ്വരമായ നേതൃത്വത്തിന്റെ പ്രതീകമായ ഇന്ദിരാ ഗാന്ധിയെ ഓർക്കുമ്പോൾ, ഇന്ത്യയുടെ ജനത അവരുടെ ദൃഢനിശ്ചയവും രാജ്യസ്നേഹവും അഭിമാനത്തോടെ ഓർക്കുന്നു.

ഇന്ദിരാ ഗാന്ധിയുടെ രക്തസാക്ഷിത്വദിനം രാജ്യത്തെ ഓരോ പൗരനെയും ജനാധിപത്യത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കാനും രാഷ്ട്രനിർമാണത്തിൽ പങ്കാളികളാകാനും പ്രചോദിപ്പിക്കുന്ന ദിനമാണ്. അവരുടെ ജീവിതം, ഇന്ത്യയുടെ ചരിത്രത്തിൽ ഒരിക്കലും മാഞ്ഞുപോകാത്ത അദ്ധ്യായമായി എന്നും നിലനിൽക്കും.














ലാനാ പ്രതിനാലാമതു വൈജ്ഞാനിക സമ്മേളനത്തിനു ഡാളസിൽ ഉജ്വല തുടക്കം





ഡാലസ് :ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാനാ)യുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പതിനാലാമതു വൈജ്ഞാനിക സമ്മേളനത്തിനു ഒക്ടോബർ 31നു ഉജ്വല തുടക്കം കുറിച്ചു

രാവിലെ 11.30 മുതൽ രജിസ്ട്രേഷൻ, പരിചയം പുതുക്കൽ, ഉച്ചഭക്ഷണം എന്നിവയോടെ പരിപാടികൾക്ക് തുടക്കമായി. ഉച്ചയ്ക്ക് 2 മണിക്ക് ഡോ. എം.വി. പിള്ളയുടെ "കൈയ്യെഴുത്തുകക്കാളർ വിചിത്രം... ചരിത്രവും ജീവിതകഥകളും" എന്ന പ്രഭാഷണത്തോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് സജി എബ്രഹാമിന്റെ "ചരിത്രകാരനായി വരൂ... ദാ സാഹിത്യം വിളിക്കുന്നു" എന്ന പ്രഭാഷണം നടന്നു.

4 മണി മുതൽ ടി. ബ്രേക്ക് കഴിഞ്ഞ് 4.30 മുതൽ 5.45 വരെ മഷി പൂണ്ട കവിതകൾ എന്ന കവിതാവായനാ സെഷനിൽ മോഡറേറ്റർമാരായി ജെ.സി.ജെ., ബിന്ദു ടിജെ., സന്തോഷ് പാല എന്നിവർ പ്രവർത്തിച്ചു. വിവിധ കവിതകളും കൃതികളും അവതരിപ്പിച്ചവരിൽ ജോസ് ഒച്ചാലിൽ, ജോസൻ ജോർജ്ജ്, ജോസ് ചെറിയപ്പുറം, ഫ്രാൻസിസ് തോട്ടത്തിൽ, ഷാജു ജോൺ, അനൂപ ഡാനിയൽ, സിനി പണിക്കർ, ഉമ സജി, റഹിമാബി മൊയ്ദീൻ , ഗൗതം കൃഷ്ണ സജി, അനസ്വരം മാംമ്പിള്ളി, ഉഷ നായർ , ഉമ ഹരിദാസ് എന്നിവർ ഉൾപ്പെടുന്നു.

വൈകുന്നേരം 6 മണിക്ക് ഉദ്ഘാടനസമ്മേളനം ആർ ശ്റ്റർ മാംമ്പിള്ളിയുടെ ദേശീയ ഗാനാലാപ നത്തോടെ ആരംഭിച്ചു. ഷാജു ജോൺ (കൺവെൻഷൻ കമ്മറ്റി അദ്ധ്യക്ഷൻ)സ്വാഗതം ആശംസിച്ചു ,ലാനാ പ്രസിഡണ്ട് ശങ്കർ മന അധ്യക്ഷത വഹിച്ചു സജി എബ്രഹാം ഉദ്ഘാടനപ്രസംഗം നടത്തി .പുസ്തക പ്രകാശനം : സജി എബ്രഹാം നിർവഹിച്ചു. ആശംസാപ്രസംഗത്തിനു ശേഷം നിർമല ജോസഫ് നന്ദി പറഞ്ഞു

എം.എസ്.ടി. നമ്പൂതിരി,എബ്രഹാം തെക്കേമൂറി, റിനി മമ്പലം, അജയകുമാർ ദിവാകരൻ,എം.ടി. വാസുദേവൻ നായർ), പ്രൊഫ. എം.കെ. സാനു എന്നിവർക്കു ആദരാഞ്ജലികൾ അർപ്പിച്ചു ഹരിദാസ് തങ്കപ്പൻ പ്രസംഗിച്ചു..പരിപാടികളുടെ സമാപനത്തോടെ ദിനാ ചരണം സ്മരണീയമായി മാറി.











A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000 | www.malabarpalace.us malabarpalaceny@gmail.com

ശബരിമല സ്വർണക്കൊള്ള: മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാർ അറസ്റ്റിൽ; രേഖകളിൽ കൃത്രിമം കാട്ടിയതായി അന്വേഷണം




പത്തനംതിട്ട: ശബരിമല ദ്വാരപാലകരുടെ ശില്പങ്ങളുമായി ബന്ധപ്പെട്ട സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിനെ പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) അറസ്റ്റ് ചെയ്തു. ഇന്നലെ വൈകിട്ട് കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിനെ തുടർന്നാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങളനുസരിച്ച്, ശിൽപങ്ങളിലെ പാളികൾസ്വർചെമ്പ് പാളികൾ രേഖപ്പെടുത്തിയത് സുധീഷ് കുമാറാണെന്ന് തെളിഞ്ഞിട്ടുണ്ട്.

2019-ൽ ശബരിമലയിൽ ശിൽപങ്ങൾ കൈമാറുന്ന സമയത്ത് എക്സിക്യൂട്ടീവ് ഓഫീസറായിരുന്നു സുധീഷ് കുമാർ. പ്രധാന പ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റിക്ക് സ്വർണ്ണപ്പാളികൾകളനേടടക്കിയെടുക്കാൻ അവസരം ഒരുക്കുന്നതിന് ഇയാളുടെ രേഖകളിൽ കൃത്രിമം കാട്ടിയതാണെന്നു ക്രൈംബ്രാഞ്ചിന്റെ പ്രാഥമിക നിഗമനം.സ്വർണ്ണപ്പാളികൾ ഇളക്കി മാറ്റിയപ്പോഴും, അത് ഏറ്റുവാങ്ങിയത് ഉണ്ണികൃഷ്ണൻ പോറ്റി അല്ലായിരുന്നിട്ടും രേഖകളിൽ ചെമ്പ് എന്ന് രേഖപ്പെടുത്തി 'അയാളുടെ പേര് ചേർത്തതായും തെളിവ് ലഭിച്ചിട്ടുണ്ട്.

മുരാരി ബാബുവിനൊപ്പം ചേർന്ന് ഇയാൾ ഒത്താശ ചെയ്തുവെന്നതാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. സുധീഷ് കുമാറിനെ ഇന്ന് വൈകിട്ട് കോടതിയിൽ ഹാജരാക്കും. ആവശ്യമെങ്കിൽ കൂടുതല് ചോദ്യം ചെയ്യലിനായി കസ്റ്റഡിയില് ആവശ്യപ്പെടുമെന്നും അന്വേഷണ സംഘം അറിയിച്ചു.





For additional details regarding enrollment, jobs, or general inquiries, please get in touch with Abylash J. George at 201-707-7895.

Eastwick College

RANKED AMONG

Top 100

Colleges in the U.S.[1]

Best Value (ROI)

[1] Based on a study by Georgetown University using data from two-ye-year colleges across the nation

- NO REGISTRATION FEE
- HYBRID BSN CLASSES
- FINANCIAL AID AVAILABLE[2]
- FREE BOOKS AND LAPTOP[3]
- FREE TEAS TESTING[3]
- ACCELERATED DEGREES

[4] Financial aid is avallable to those who quallty
[3] Applicants to the TEAS hursing class must complete nd an entrance examination
[2] Associate and Technical Track programs are exclusively offered at Eastwick College

Eastwick Colleye PRIMDO RO MAGE eastwick.edu 1-866-EASTWICK

Physical therapy
WEST NYACK SPORTS MEDICINE

PHYSIATRIST AVAILABLE

WE BELIEVE IN TREATMENT THROUGH A COMPREHENSIVE APPROACH

by using the least amount of medication to get you better

SAJAN AUGUSTINE P.T.

TYPES OF THERAPY WE PROVIDE

NO MORE PAIN

- Pain Management
- Knee Pain
- Back Pain
- Neck Pain
- Shoulder Pain
- Orthopedic
- Rehabilitation
- Physiatry
- Sports Injuries





WE ACCEPT
MEDICARE, MEDICAID & ALL OTHER MAJOR INSURANCES

CALL FOR APPOINTMENT

(845) 358-0019

369 SOUTH MAIN ST, NEWCITY, NY 10956, US

SELLING YOUR **HOUSE?** or BUYING A **NEW HOME?**







Mathew Thomas
ബാബു ചക്കുങ്കൽ
(Licensed Real Estate Broker)
Notary Public

Serving New York Specialized in Queens & Nassau Counties

Cell : 917.539.1652
Office : 718.831.0100
Fax : 718.831.0170

"For a Better Lifestyle"

CROSS ISLAND REALTY ONE, INC.
250-14A, Hillside Avenue, Bellerose, New York 11426
Email: crossislandrealtymathew@yahoo.com

• RESIDENTIAL • RENTALS • COMMERCIAL SALES



Nihara Resort & Spa, Kadamakudy, Kochi
www.nihararesort.com
+91 97463 33842
info@nihararesort.com

PARK FUNERAL CHAPELS

Generations of Dignified Personal Service



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES, AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM
GARDEN CITY PARK, NY 11040
T: (516) 747-4300

For magazine, online and newspaper advertising please contact
Paul Karukappillil
+1(845) 553-5671 (USA)

+918547730600 (India)

Sitar Palace
the ultimate in indian cuisine

38 Orangetown Shopping Center
Orangeburg, NY 10962
845 365 0939
845 365 3222

251 Mclean Avenue
Yonkers, NY 10705
914 623 7640



Sitar Indian Grocery
42 Orangetown Shopping Center
Orangeburg, NY 10962
845 359 0939







Whether you're hosting a corporate dinner meeting, cocktail party OR wedding reception we can provide a banquet hall. :: Up to 200 people :: Free parking available

പല്ല് ഡോക്ടർ
Dr nechupadam DENTAL CLINIC

സ്ഥലം വില്പനയ്ക്ക്

4 Acres Land for sale
Near Govt. HS vennala
Contact
PAUL KARUKAPPILLIL - +91 8547730600
VARGHESE OLAHANNAN - (914) 673-7327

Land for sale
Kadayirupp - pattimattom road (synthete / padapparambu road - 10bel front road (driver shivanpillai - ponnachan opp plot)
Location: https://maps.google.com/?q=10.004673,76.446640
Contact
PAUL KARUKAPPILLIL -
+91 8547730600
+91 8921180055

BHARAT REALTY INC.
4 Massachusetts Ave.Congers, NY 10920
Tel: (845) 268-6782
SERVING ROCKLAND & ORANGE COUNTY
First Time Home Buyers ,New Construction ,Property Management
Real Estate Development
VARGHESE OLAHANNAN: (914) 673-7327
THOMAS NINAN: (845) 608-1934
WWW.BHARATREALTY.COM



G-27 PIONEER TOWER, MARINE DRIVE, COCHIN-31











CONTACT + 91 9995345222

കേരള ടൈംസ് ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം മെഗാസ്റ്റാർ ഭരത് മമ്മൂട്ടി നിർവ്വഹിച്ചപ്പോൾ





SANJEEVINI LIFE CARE VILLAGE

God's Own Country's Trailblazing Gift to the World — A Sanctuary of Science-Driven, Drug-Free Healing and Holistic Longevity
In the quiet, verdant village of Manjapra, near Kochi, a revolution in healthcare is quietly unfolding — and it's something every Malayali can be proud of. Sanjeevini Life Care Village, a world-class wellness destination, has begun operations in Kerala, redefining what healing truly means.

Unlike traditional medical centers, this is an institution with no pills, no injections, and absolutely no pharmaceutical dependency. Here, healing is gentle, scientific, and deeply personal — aimed not at managing symptoms, but at eliminating the root cause of disease.

No Medicines. No Injections. Just Results.
It might sound surprising in today's world of high-tech medicine, but Sanjeevini's approach is entirely non-invasive and drug-free. The results, however, speak louder than words. Individuals battling long-standing conditions such as:

· Nicotine addiction (smoking cessation)
· Chronic migraines
· Stress and anxiety-related illnesses
· Parkinson's disease
· Psoriasis
· Neurological and movement disorders
...are finding new hope and lasting relief through tailored wellness programs that combine clinical diagnostics with traditional healing wisdom.




What Makes Sanjeevini Unique?
At its core, Sanjeevini believes that the human body has an incredible ability to heal itself — if given the right tools and environment.
Using advanced tools like VO_2 max testing, isokinetic muscle analysis, and biomechanical movement labs,Transcraniel Magnetic Stimulation (TMS), Pelvic strengthening, Fat Burning, Strength and Conditioning, Hydro Therapy, the team of specialists develops fully customized therapies. These are then delivered through a range of drug-free modalities:
· Ayurvedic and naturopathic therapies
· Physiotherapy and mobility correction
· Mental health support through mindfulness, breathwork, and guided relaxation with TMS therapy.
· Nutrition and functional fitness programs using cutting-edge training tools
The result? Not just symptom relief, but a transformation in how guests feel, move, sleep, and think.

Healing Begins with Environment
The Sanjeevini campus isn't just a health center — it's a serene village designed to heal body and mind alike. With yoga studios, meditation decks, walking paths, and spacious luxury rooms that overlook nature, the entire space invites calmness.
It's a far cry from the sterile hospital environment. Here, wellness feels natural, personal, and empowering.

Proudly Rooted in Kerala, Made for the World
That such an institution exists in Kerala — and is entirely led by Indian expertise — is something we can all be proud of. Sanjeevini is a beacon of what the future of medicine looks like: prevention-first, personalized, and deeply holistic.
This is not alternative medicine — it is progressive, science-backed, and results-oriented care without the risks of drugs or surgery.

A Call to All Who Seek Real Change
Whether you're looking to quit smoking, manage a neurological condition, or simply escape the loop of stress and fatigue, Sanjeevini Life Care Village offers a new path — one rooted in self-awareness, natural healing, and lasting transformation.
Location: Manjapra, near Cochin International Airport, +919778634600, Website: sanjeevinilifecarevillage.com Packages: Tailored programs from 1week retreats to 4-week deep healing residencies Specialties: Chronic disease reversal, migrain and stress management, addiction recovery, mobility and movement therapy, skin & neurological care







SANJEEVINI
LIFE CARE VILLAGE
Wholeness in Wellness

P 0484-2736001 M +91 9349342366
W www.sanjeevinilifecarevillage.com
E ceo@sanjeeviniwellness.com
A Sanjeevini Life Care Village, Manjapra, Ernakulam,683581




ഇന്ത്യൻ ടീമിലെ മുഹമ്മദ് റിസ്വാൻ' എന്ന് പരിഹസിക്കപ്പെട്ട ജമീമ; ഇന്ത്യയുടെ വിജയനിർമ്മാതാവ്




മുംബൈ: വനിതാ ക്രിക്കറ്റ് ലോകകപ്പ് സെമിഫൈനലിൽ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ച് ഇന്ത്യ ഫൈനലിലേക്ക്യർന്നത് രാജ്യത്തെ ആവേശത്തിലാഴ്ത്തിയ താരം ജമീമ റോഡ്രിഗസാണ്. 134 പന്തിൽ 127 റൺസ് നേടി പുറത്താകാതെ ജമീമയുടെ സെഞ്ചറിയാണ് ഇന്ത്യയുടെ ചരിത്രവിജയത്തിന് വഴിയൊരുക്കിയത്. വനിതാ ഏകദിന ക്രിക്കറ്റിലെ ഏറ്റവും വലിയ റൺസ് പിന്തുടര് ന്നാണ് ഇന്ത്യ ഈ ജയം സ്വന്തമാക്കിയത്. ക്യാപ്റ്റന് ഹര് മന്പ്രീത് കൗറിനൊപ്പം 167 റണ്സിന്റെ മികച്ച കൂട്ടുകെട്ട് നിര്മിച്ച ജമീമയെ 'പ്ലെയര് ഓഫ് ദ് മാച്ച്' ആയി തിരഞ്ഞെടുത്തു. വിജയത്തിന് ശേഷം പിതാവിനെ അണിയിച്ചുപിടിച്ച് കണ്ണീർ പൊഴിച്ച ജമീമ, ടൂർണമെന്റിൽ നേരിട്ട മാനസിക സമ്മർദങ്ങളും ഉത്കണ്ഠയും തുറന്നുപറഞ്ഞു. "പ്രയാസങ്ങളോടുള്ള വിശ്വാസമാണ് കരുത്ത് നൽകുന്നത്. മത്സരത്തിന്റെ അവസാന നിമിഷങ്ങളിൽ ബൈബിളിലെ വചനങ്ങൾആവർത്തിച്ച് പറഞ്ഞു," എന്ന് ജമീമ വെളിപ്പെടുത്തി. "ഈ ടൂറ ഞാൻ മിക്കവാറും എല്ലാ ദിവസവും കരഞ്ഞിട്ടുണ്ട്. മാനസികമായി ബലഹീനമായിരുന്നു. സഹതാരങ്ങൾ തന്ന പിന്തുണയാണ് എനിക്ക് ശക്തി നൽകിയത്. യേശുവിനോടും കുടുംബത്തോടും ഞാൻ നന്ദി പറയുന്നു. എല്ലാം ഒരു സ്വപ്നം പോലെ തോന്നുന്നു," എന്നും അവർ കൂട്ടിച്ചേർത്തു. എന്നാൽ ഇന്ന് ഇന്ത്യയുടെ അഭിമാനമായി മാറിയ ജമീമക്ക്, പിന്നിലെ അനുഭവങ്ങൾ വേദനാജനകമാണ്. വിശ്വാസത്തിന്റെ പേരിൽ നിരന്തരം സോഷ്യൽ മീഡിയ ആക്രമണങ്ങളും ട്രോളുകളും നേരിട്ട താരം തന്നെയാണ് ഇപ്പോഴത്തെ വിജയനിർമ്മാതാവ്. സോഷ്യൽ മീഡിയയിൽ സജീവമായതിനാൽ "റീൽസിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നു" എന്നായിരുന്നു മുൻ വിമർശനങ്ങൾ. കഴിഞ്ഞ വർഷം മുംബൈയിലെ ഒരു ക്ലബ്ബ് മതപരിവർത്തന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവെന്നാരോപിച്ച് ജമീമയുടെ കുടുംബത്തിന്റെ അംഗത്വം റദ്ദാക്കി. പിന്നാലെ, ജമീമയ്ക്കെതിരെ കടുത്ത സൈബർ ആക്രമണവും ട്രോളികളും ഉയർന്നു. ചിലർ അവരെ 'ഇന്ത്യൻ ടീമിലെ മുഹമ്മദ് റിസ്വാൻ' എന്ന് പരിഹസിക്കുകയും ചെയ്തു. എന്നാൽ ഇന്നത്തെ വിജയം അതെല്ലാം മറികടന്ന ജമീമയുടെ മറുപടിയായി മാറി. ഇന്ത്യൻ ടീമിന്റെ ഫൈനൽ പ്രവേശനത്തിന് പിന്നാലെ, മുൻപ് ട്രോളിയവരിൽ പലരും സമൂഹമാധ്യമങ്ങളിൽ ഖേദം പ്രകടിപ്പിച്ച് മാപ്പ് പറഞ്ഞു. ഇന്ന് തന്നെയാണ് ജമീമയെ ഇന്ത്യയുടെ പുതിയ ക്രിക്കറ്റ് ഹീറോയാക്കി ഉയർത്തിയത്.





എഫ്ഡിഎ രാജ്യവ്യാപകമായി ടൈലനോൾ തിരിച്ചുവിളിക്കൽ പ്രഖ്യാപിച്ചു



ന്യൂയോർക്ക് :"കേടായ കണ്ടെയ്നർ" കാരണം രാജ്യവ്യാപകമായി ഏകദേശം 3,000 കുപ്പി ടൈലനോൾ തിരിച്ചുവിളിച്ചു.എഫ്ഡിഎ രണ്ടാമത്തെ ഉയർന്ന അപകടസാധ്യതയുള്ള ക്ലാസ് II ആണ് തിരിച്ചുവിളിച്ചത്, ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) പ്രകാരം ഏകദേശം 3,000 കുപ്പി ടൈലനോൾ രാജ്യവ്യാപകമായി തിരിച്ചുവിളിക്കൽ നടക്കുന്നുണ്ട്.
"ഇതിനർത്ഥം തിരിച്ചുവിളിച്ച മരുന്ന് കഴിക്കുന്നത് "താൽക്കാലികമോ വൈദ്യശാസ്ത്രപരമായി തിരിച്ചെടുക്കാവുന്നതോ ആയ പ്രതികൂല ആരോഗ്യ പ്രത്യാഘാതങ്ങൾക്ക്" കാരണമായേക്കാം, അല്ലെങ്കിൽ ഗുരുതരമായ പ്രതികൂല ആരോഗ്യ പ്രത്യാഘാതങ്ങൾ ഉണ്ടാകാനുള്ള സാധ്യത "വിദൂരമാണ്".
താൽക്കാലിക വിവരണം: അസറ്റാമിനോൻ, അസറ്റാമിനോൻ, അധിക ശക്തി, 24 കാപ്റ്റുകൾ, 500 മില്ലിഗ്രാം വീതം ലോട്ട് കോഡ്: EJA022,കാലഹരണ തീയതി: ഏപ്രിൽ 30, 2028 തിരുത്തിയെഴുതപ്പെട്ട 3,186 കുപ്പികൾ രാജ്യവ്യാപകമായി വിതരണം ചെയ്തു, എന്നാൽ FDA യുടെ റിപ്പോർട്ടിൽ വിതരണ പാറ്റേണിൽ കൊളറാഡോ, ഇല്ലിനോയിസ്, ഒഹായോ, ഇന്ത്യാന എന്നിവയെക്കുറിച്ച് പ്രത്യേകം പരാമർശിക്കുന്നു.

കേരളം അതിദാരിദ്ര്യമുക്തമെന്ന് മുഖ്യമന്ത്രി; 'ശുദ്ധ തട്ടിപ്പ്' – പ്രതിപക്ഷം

തിരുവനന്തപുരം: കേരളം അതിദാരിദ്ര്യമുക്തമായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പ്രഖ്യാപിച്ചു. "കേരളം പുതുയുഗപ്പിറവിയിലാണ്. ചരിത്രപ്രധാനമായ കാര്യം ആയതിനാലാണ് നിയമസഭയിൽ തന്നെയാണ് പ്രഖ്യാപിക്കുന്നത്," എന്നാണ് മുഖ്യമന്ത്രിയുടെ വാക്കുകൾ. തട്ടിപ്പെന്ന് പറയുന്നത് സ്വന്തം ശീലം കൊണ്ടാണെന്നും അദ്ദേഹം പ്രതിപക്ഷത്തെ വിമർശിച്ചു.

മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോട് ശക്തമായ എതിർപ്പ് പ്രകടിപ്പിച്ച് പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചു. "അതിദരിദ്രരില്ലെന്ന അവകാശവാദം ശുദ്ധ തട്ടിപ്പാണ്. സർക്കാർ പച്ചനുണകളുടെ സമാഹാരമാണ് അവതരിപ്പിക്കുന്നത്. സഭയെ പ്രഹസനമാക്കി മാറ്റിയിരിക്കുകയാണ്," എന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ആരോപിച്ചു. ബഹിഷ്കാരത്തിനു പിന്നാലെ പ്രതിപക്ഷം സഭാ കവാടത്തിൽ കുത്തിയിരുന്ന് പ്രതിഷേധം നടത്തി.

വൈകിട്ട് മൂന്ന് മണിക്ക് നടന്മാരായ മമ്മൂട്ടി, മോഹൻലാൽ, കമൽഹാസൻ എന്നിവർ പങ്കെടുക്കുന്ന വിപുലമായ ചടങ്ങിൽ അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപനം ഔപചാരികമായി മുഖ്യമന്ത്രി നടത്തും.

അതേസമയം, സംസ്ഥാനത്ത് എങ്ങനെ അതിദാരിദ്ര്യ നിരക്ക് കണക്കാക്കി എന്നതിനെച്ചൊല്ലി വിദഗ്ധരും പ്രതിപക്ഷവും ചോദ്യമുയർത്തി. അഞ്ചരലക്ഷം പേരാണ് സൗജന്യ റേഷൻ വാങ്ങുന്ന ഒരു സംസ്ഥാനത്ത് വെറും 64,006 പേരെയാണ് അതിദാരിദ്രരായി കണക്കാക്കുന്നതെന്ന് ഡോ. ആർ.വി.ജി. മേനോൻ, ഡോ. എം.എ. ഉമ്മൻ, ഡോ. ജെ. ദേവിക, ഡോ. കെ.പി. കണ്ണൻ ഉൾപ്പെടെ 25 സാമ്പത്തിക-സാമൂഹിക ശാസ്ത്ര വിദഗ്ധർ ചോദ്യം ഉന്നയിച്ചു.

പ്രതിപക്ഷ വിമർശനങ്ങൾക്ക് മറുപടിയായി മന്ത്രി എം.ബി. രാജേഷ് രംഗത്തെത്തി. അതിദാരിദ്ര്യ നിർമാർജന പ്രഖ്യാപനം എങ്ങനെ നടപ്പാക്കാനാണ് സർക്കാരിന്റെ ലക്ഷ്യമെന്നതിനെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. എന്നാൽ, "അഞ്ചരലക്ഷം അതിദരിദ്രരുള്ള സംസ്ഥാനത്ത് വെറും 64,006 പേരാണ് പട്ടികയിലുള്ളത് എങ്ങനെ?" എന്ന ചോദ്യവും "ദാരിദ്ര്യത്തെ തിരഞ്ഞെടുപ്പ് കാഷ്വലാക്കാനോ?" എന്ന സംശയവുമാണ് ഇപ്പോൾ രാഷ്ട്രീയ ചർച്ചയുടെ കേന്ദ്രത്തിൽ.







'നാമം ' (NAMAM) 15ാം വാർഷികം സുധാ നാരായണൻ സ്മരണദിനം: മാധവൻ ബി നായർ



ന്യൂജേഴ്സി: അമേരിക്കൻ പ്രവാസി സമൂഹത്തിൽ 2009 മുതൽ പ്രവർത്തിച്ചു വരുന്ന പ്രമുഖ സാമൂഹിക സാംസ്കാരിക ക്ഷേമ സന്നദ്ധ സേവന ജീവകാരുണ്യ സംഘടനയായ 'നാമം ' (NAMAM) ത്തിന്റെ പതിനഞ്ചാം സ്ഥാപക വാർഷികദിനാഘോഷങ്ങൾ നാമത്തിന്റെ സ്ഥാപക അംഗമായിരുന്ന യശ:ശരീരയായ സുധാ നാരായണന്റെ ദീപ്ത സ്മരണകൾക്കായി സമർപ്പിക്കുമെന്ന് നാമം ഫൗണ്ടറും സെക്രട്ടറി ജനറലുമായ മാധവൻ ബി നായർ അറിയിച്ചു.

2017 ൽ വിടപറയുന്നതു വരെ സംഘടനയുടെ നെടുംതൂണായി വർത്തിച്ചിരുന്ന സുധാ നാരായണന്റെ സമർപ്പണവും നേതൃപാടവവും കലാഭിമുഖ്യവും നാമത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. കലാരംഗത്തിന് അവർ നൽകിയിട്ടുള്ള സംഭാവനകളും പുലർത്തിയ പ്രതിബദ്ധതയും വിലമതിക്കാനാവാത്തതാണ്. ഇന്ത്യൻ ക്ലാസിക് കലാപാരമ്പര്യങ്ങളുടെയും പൈതൃകങ്ങളുടെയും കടുത്ത ആരാധികയായിരുന്ന സുധാ നാരായണൻ ആത്മീയ ഉത്കർഷം ഉള്ള വ്യക്തിത്വവുമായിരുന്നു.

യുവ കലാകാരൻമാരെയും കലാകാരികളെയും പ്രോത്സാഹിപ്പിക്കുന്നതിനും കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരിൽ ആത്മവിശ്വാസം വളർത്തുന്നതിനുമായി ഒട്ടേറെ കലാപരിപാടികൾ ആസൂത്രണം ചെയ്ത് സുധാ നാരായണൻ അവതരിപ്പിച്ചിരുന്നു. സംസ്കാരവും പാരമ്പര്യവും സേവന തല്പരതയും സമന്വയിക്കുന്ന കലാപ്രകടനങ്ങളുടെ ത്രസിപ്പിക്കുന്ന വേദിയായി നാമം ആഘോഷങ്ങളെ അവർ മാറ്റിയെടുത്തിരുന്നു.
നാമത്തിന്റെ പ്രഖ്യാപിതമായ ആദർശങ്ങളും സത്തയും ഉൾക്കൊണ്ട് മാർഗ്ഗദർശിയും സംയോജക യുമായി പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ച സുധാ നാരായണൻ നാമത്തെ സംബന്ധിച്ച് സ്മരണകളിൽ എക്കാലവും ജ്വലിക്കുന്ന മാർഗ്ഗദീപമായിരിക്കുമെന്ന് നാമം പ്രസിഡന്റ് പ്രദീപ് മേനോൻ, സെക്രട്ടറി ബിന്ദു സത്യ, ട്രഷറർ സിറിയക് എബ്രഹാം, കൾച്ചറൽ ചെയർ മാലിനി നായർ, ട്രസ്റ്റി ബോർഡ് ചെയർ ഗീതേഷ് തമ്പി എന്നിവർ അറിയിച്ചു. 2010 മുതല് നോർത്ത് അമേരിക്കയില് സജീവമായ 'നാമം ' സാമൂഹിക-സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ സംഘടനയാണ്. 'നാമം ' സംഘടിപ്പിച്ചു വരുന്ന എക്സല്ലൻസ് അവാർഡ് നൈറ്റ് , സ്പ്രിംഗ് ഫെസ്റ്റിവെൽ , ജീവകാരുണ്യ സന്നദ്ധ സേവനങ്ങൾ പോലുള്ള മികച്ച പരിപാടികൾ പ്രവാസി സമൂഹത്തിന്റെ സവിശേഷ ശ്രദ്ധയാകർഷിച്ചു വരുന്നു

ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വിശുദ്ധ യൂദാസ് തദ്ദേവൂസിന്റെ തിരുനാൾ ആഘോഷിച്ചു.



ചിക്കാഗോ : ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ വിശുദ്ധ യൂദാസ് തിരുനാൾ ആഘോഷിച്ചു. ഒക്ടോബർ 22 ന് ആരംഭിച്ച , 9 ദിവസം നീണ്ടുനിന്ന നൊവേനയ്ക്ക് ശേഷം , ഒക്ടോബർ 30 വ്യാഴാഴ്ചയാണ് ആഘോഷപൂർവ്വമായ തിരുനാൾ കൊണ്ടാടിയത്. 25 ഓളം ഇടവകാംഗങ്ങൾ പ്രസുദേന്തിമാരായിരുന്ന തിരുനാളിന് മുഖ്യ കാർമികത്വം വഹിച്ചത് ചിക്കാഗോ തിരുഹൃദയ കത്തോലിക്കാ ഫൊറോനാ ഇടവകവികാരി ഫാ. എബ്രഹാം കളരിക്കലായിരുന്നു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൂദാസ് തദ്ദേവൂസിന്റെ തിരുനാളിന്റെയും ഭക്തിയുടെയും ചരിത്രം അദ്ദേഹം തന്റെ പ്രസംഗത്തിൽ വിവരിക്കുകയും, വിശുദ്ധനോടുള്ള ഭക്തി ഏറെ പ്രാധാന്യത്തോടെ വർഷങ്ങളായി പരിപാലിച്ചുപോരുന്ന സെന്റ് മേരീസ് ഇടവകയെ പ്രശംസിക്കുകയും ചെയ്തു. തിരുനാളിനൊരുക്കമായി ഒന്പത് ദിവസങ്ങളിലായി രാവിലെയും വൈകിട്ടുമായി വിശുദ്ധ കുർബ്ബാനകളോട് ചേർന്ന് നടത്തപ്പെട്ട നൊവേനകൾ. ഓരോ ദിവസവും പൊതുവായുള്ള പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചികൊണ്ടാണ് നടത്തപ്പെട്ടത്. വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, ഇടവക സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ തിരുനാളിന്റെ ഒരുക്കങ്ങൾക്കും നടത്തിപ്പിനും നേതൃത്വം നൽകി.








ETSY പുതിയ CEO ആയി ക്രുതി പട്ടേൽ ഗോയൽ നിയമിതയായി

ബ്രൂക്ക്ലിൻ, NY: ETSY, INC. ലോകവ്യാപകമായി പണിയും വിറ്റഴിക്കുന്നവർക്കും വാങ്ങുന്നവർക്കും അനുയോജ്യമായ ഓൺലൈൻ മാർക്കറ്റ്പ്ലേസുകൾ പ്രവർത്തിക്കുന്ന ETSY, INC. 2026 ജനുവരി 1 മുതൽ ക്രുതി പട്ടേൽ ഗോയലിനെ പുതിയ സിഇഒ ആയി നിയമിച്ചു. ഗോയൽ ETSY-യുടെ പ്രെസ്തുത പ്രസിഡന്റും ചീഫ് ഗ്രോത്ത് ഓഫീസറുമാണ്. ജോഷ് സിൽവർമാനെ, 8 വർഷത്തിലധികം എറ്റ്സി-യെ നയിച്ച സിഇഒ, ഇനി സിഇഒ സ്ഥാനത്ത് തുടരുന്നില്ല, എന്നാൽ 2026 അവസാനം വരെ എക്സിക്യൂട്ടീവ് ചെയർ ആയി തുടരും. 2017 മുതൽ ETSY-യുടെ ബോർഡ് ചെയർ ആയി പ്രവർത്തിച്ച ഫ്രെഡ് വിൽസൺ, ഈ സ്ഥാനം വിട്ടേക്കും, പക്ഷേ ബോർഡിൽ തുടരുമെന്ന് ETSY അറിയിച്ചു. എറ്റ്സി-യുടെ പുതിയ സിഇഒ ആയ ഗോയൽ, "എനിക്ക് വലിയ അഭിമാനവും ആവേശവും ഈ പുതിയ സ്ഥാനത്തെ ഏറ്റെടുക്കുന്നതിനായി പ്രഖ്യാപിക്കുകയാണ്," എന്ന് ലിങ്ക്ഡ് പോസ്റ്റിൽ പങ്കുവച്ചു. ETSY-യിൽ തന്റെ അനുഭവങ്ങളെ വിശകലനം ചെയ്ത്, "ഞാനാണ് ETSY-യുടെ മായാജാലം ഒരുപാട് അനുഭവിച്ചവൾ - ഒരു നേതാവായി, ഷോപ്പർ ആയി, ഈ സജീവ സമുദായത്തിന്റെ അംഗമെന്ന നിലയിൽ" എന്നാണ് അവർ പറഞ്ഞത്. അവസാനമായി, ETSY-യുടെ അനുബന്ധമായ DEPOP-ന്റെ CEO ആയ ഗോയൽ, കമ്പനിയുടെ ഗ്രോസ് മെർച്ചന്റൈസ് സെൽസ് ഇരട്ടിയാക്കുകയും വാങ്ങുന്നവരുടെ അടിസ്ഥാനവും വർധിപ്പിക്കുകയും ചെയ്തു.





NOW TAKE OUT ONLY
Salkara
AUTHENTIC INDIAN RESTAURANT
KAPPA BIRIYANI (Ellum Kappa)
നാടൻ കപ്പ ബിരിയാണി
Explore the Rich Flavors of Tandoori Cuisine
TODAY SPECIAL MENU
Kappa Biriyani
Chicken Dum Biriyani (Thalassery Special)
Thattukada Chicken Fry
Chicken Curry
Tandoori Chicken
Chicken Malai Kebab
Chicken Tikka
Chicken Hariyali Kebab
Tandoori Mix Kebab
Chilli Chicken
Chicken Roast
Beef Fry
Beef Curry
Fish Tawa Fry
Fish Curry
Kappa
Paratha
Chapati
Naan
Snacks also Available
OPENING HOURS: Every Day 11.30am to 9pm
We Accept Pre-Orders
551-346-5993 | 551 221-3753
209 W Route 59, Nanuet, New York 10954
NO Artificial Flavours Preservatives Added Colors

The Finest in Indian Cuisine
SPICE VILLAGE
Rated "Excellent" ZAGAT SURVEY 2010/11
Find us on: Facebook
FREE DELIVERY (Call fo min. requirements) Take - Out Available
GIFT CERTIFICATES AVAILABLE
ALL-YOU-CAN-EAT LUNCH BUFFET $10.95 MONDAY-FRIDAY
$15.95 SAT. & SUN. 7 DAYS. 12PM-2.30PM ONLY
SPICE VILLAGE
8 Columbus Ave. Tuckahoe . (914) 779-5400
(914) 340-8415 . Spicevillageny.com
Open 7 Days (Closed daily 2:30pm-5pm) . Buffet: Mon-Sun. Noon: 2.30pm . Extended Buffet Sat &
Lunch: Mon-Sun. Noon-2.30pm. Dinner: Sun-Thurs 5-10pm Fri & Sat 5-10.30pm
Indoor & Ourdoor Catering Services

SECURECASH
Cash Management Simplified
astest growing cash logistics provider in the New York metro regio
Armored Cash-In-Transit
ATM Servicing & Balancing
Currency Processing
Cash Buy & Sell Services
Bank Inventory Services
SmartSafe Sales and Service
S&G and Cencon (Kaba) Lock sales
SECURECASH
SECURECASHLLC.COM
718-473-0959
www.securecashllc.com

National Life Group®
Experience Life®
Aflac

SHIRLEY JOHN, PT PhD
LICENSED INSURANCE AGENT FOR LIFE, HEALTH AND ANNUITIES – (NY, NJ, FL, GA, NC, MD, DE)
914-255-6155 (Call/Text)
SHIRLEYJOHNPFA@GMAIL.COM
Free Consultation
NLG - For all your Life, Annuity, and IRA needs.
- Tax Free Retirement
- Life Insurance with Full Living Benefits
- College Funds with No Penalties
- Mortgage Protection
- Income Replacement
- Interest Free Loans
Aflac – For your company's supplemental insurance

CENTURY 21 ROYAL
BUYING AND SELLING
LICENSED IN NY & CT
Commitment and Exceptional Service
JITHIN VARGHESE
Associate Real Estate Broker
914 406 3873
jithin@century21royal.com
www.century21.com
697 Central Park Avenue
Scarsdale, NY 10583





നവംബർ ഒന്നാം തീയ്യതി—കേരളത്തിന്റെ ഹൃദയമിടിപ്പ് പുതുക്കുന്ന ദിവസം. 1956-ൽ ഭാഷയുടെ അടിസ്ഥാനത്തില് സംസ്ഥാനങ്ങളുടെ പുനഃസംഘടനയോടെ ജനിച്ച മലയാളികളുടെ സ്വന്തം നാട് — കേരളം.

പച്ചപ്പും, രാത്രിമഴയും, കവിതയും കലയുമൊക്കെയായി അണിഞ്ഞൊരുങ്ങിയ ഈ മണ്ണ് ലോകമെമ്പാടുമുള്ള മലയാളികളുടെ അഭിമാനമാണ്.

കേരളപ്പിറവി നമ്മെ ഓര്മിപ്പിക്കുന്നത് നമ്മുടെ സംസ്കാരത്തോടുള്ള ആത്മബന്ധമാണ്. തലമുറകളെ കടന്നുപോയ സാഹിത്യവും, സംഗീതവും, നാട്യകലകളും ഇന്നും ഈ മണ്ണിന്റെ ആത്മാവാണ്. സമത്വവും സഹോദരത്വവും ആഗ്രഹിക്കുന്ന മനസ്സുകളുടെ നാടായ കേരളം ലോകത്തിനു മുന്നില് മാതൃകയായി നില്ക്കുന്നു.



ഇന്നത്തെ കേരളപ്പിറവി ദിനം വെറും ആഘോഷമല്ല, അതേ സമയം ഒരു ഉത്തരവാദിത്വവുമാണ് — നമ്മളെ ഈ നിലയില് എത്തിച്ച മൂല്യങ്ങളെ സംരക്ഷിക്കുകയും, നവകേരളത്തിന്റെ സ്വപ്നം സാക്ഷാത്കരിക്കാനുമുള്ള വാഗ്ദാനദിനം.

കേരളത്തിനെ സ്നേഹിക്കുന്ന എല്ലാ മലയാളികളും എവിടെയായാലും ഇന്നൊരു ചുവന്ന മണ്ണിന്റെ ഗന്ധം മനസില് അനുഭവിക്കുന്നു. ഈ പിറവിദിനത്തില്,
കേരള ടൈംസ് എല്ലാ മലയാളികള്ക്കും ഹൃദയം നിറഞ്ഞ കേരളപ്പിറവി ആശംസകൾ നേരുന്നു.

മലയാളം നിലനില്ക്കട്ടെ, കേരളം വളരട്ടെ. 🌿❤️

-പോൾ കറുകപ്പിള്ളിൽ





റൂഹും റസൂലും (കഥ)

(ജോയ്സ് വർഗീസ് ,കാനഡ)

"ബാ... റസൂ...ഇങ്ങട്ട്", പാത്തുമ്മ റസൂലിനെ പിടിച്ചു വലിച്ചു. നിരത്തിൽ വരിവരിയായിട്ട ആഡംബരകാറുകൾ കണ്ണിമക്കാതെ നോക്കി നിൽക്കുന്ന മൂന്നു വയസുകാരൻ റസൂൽ.

അഹമദ് ഹാജിയുടെ പേരകുട്ടിയുടെ നിക്കാഹാണ്. കുടുംബത്തിന്റെ പ്രതാപം, പണക്കൊഴുപ്പിൽ ഉയർത്തിപ്പിടിക്കാൻ മത്സരിക്കുന്ന ഒരുക്കങ്ങൾ. വലിയ പന്തലും തൂങ്ങിയാടുന്ന അലങ്കാരങ്ങളും കണ്ണ് ചിമ്മുന്ന വിളക്കുകളും ആ പ്രദേശമാകെ വർണ്ണ പ്രഭയിൽ കുതിർത്തു.

കുഞ്ഞുറസൂലിന് പന്തലിനു അകത്തു പോയി കാഴ്ചകൾ കാണാനും അവിടെ കളിക്കുന്ന കുട്ടികളോടൊപ്പം ചേർന്നു കളിക്കണമെന്നും വല്ലാതെ കൊതിയുണ്ടായിരുന്നു.

"ഇച്ചു ആത്തു പോണം...", അവൻ ചിണുങ്ങി.

"മാണ്ടാന്ന് പറഞ്ഞില്ലേ... റസൂ?"

അവനെ കാണുമ്പോൾ കെട്ടഴിയുന്ന കഥകളും ചൂഴ്ന്നിറങ്ങുന്ന നോട്ടങ്ങളും പാത്തുമ്മ ഭയന്നു. ആ ഓർമ്മകൾ അവരെ വേട്ടയാടി. അവൻ വീണ്ടും വീണ്ടും തിരിഞ്ഞു നോക്കി ഉമ്മൂമ്മയോടൊപ്പം നടന്നു.

"ഉമ്മൂമ്മ മുട്ടായി വാങ്ങി തരാട്ടോ... മുത്ത് നടക്ക്."
അവന്റെ മുഖം സന്തോഷം കൊണ്ടു തുടുത്തു. അവൻ ഓടിയോടി നടക്കാൻ തുടങ്ങി.

****

"ന്റെ... മുത്ത്... ന്തേ പെഴച്ചെ??", അവന്റെ ചന്തമുള്ള മുഖത്തു ഉമ്മ വെച്ച് പാത്തുമ്മ കരച്ചിലിനിടയിൽ പറയാറുള്ളത്, എന്താണെന്ന് റസൂലിന് മനസ്സിലായില്ല. ഇടയ്ക്കിടെ ഒഴുകുന്ന കണ്ണീർ തട്ടത്തിന്റെ അഗ്രം കൊണ്ട് തുടച്ചെടുത്ത് വിദൂരതയിലേക്ക് നോക്കിയിരിക്കുന്ന ഉമ്മൂമ്മയെ അവൻ കാണാറുണ്ട്.

ഉമ്മറത്ത് ഫ്രെയിം ചെയ്തു വെച്ച ഫോട്ടോകളിൽ ഉമ്മൂമ്മയ്ക്കും ഉപ്പാപ്പക്കും ഇടയിൽ നിൽക്കുന്ന പാവാടക്കാരിയെ ചൂണ്ടി ഉമ്മൂമ്മ പറയും
'ന്റെ മോളു ഷംന... ഓള് പോയി... ',
തേങ്ങലിൽ അടർന്നു വീഴുന്ന ചില വാക്കുകൾ വിങ്ങലായി, ഉമ്മയുടെ നെഞ്ചകം കത്തിക്കുന്നുണ്ടായിരുന്നു. മുറ്റത്തെ പൂഴിമണലിൽ കളിച്ചു കൊണ്ടിരുന്ന റസൂൽ കൈയിലെ കളിപ്പാട്ടം ദൂരെയെറിഞ്ഞു ഉമ്മൂമ്മയുടെ മടിയിൽ വന്നിരിക്കും.

"കരയല്ലേ... ഉമ്മൂമ്മ", അവന്റെ കുഞ്ഞു വിരലുകൾ ആ കണ്ണീർച്ചാലുകളിലൂടെ ഉരസ്സിയിറങ്ങും.

"ഓളും... ഇങ്ങിനെയായിരുന്നു... ന്റെ കണ്ണില് വെള്ളം പൊടിയണത് ഓൾക്കും സഹിക്കൂല്ലായിരുന്നു".

"ഇയ്യ് എന്തൊക്കെയാ പറയണെ...ആ ചെക്കനെ മക്കാറാക്കണ്ടി ഇങ്ങട്ട് കേറി പോന്നോളി", ജലീൽ തന്റെ ബീവിയെ വിളിച്ചു.

നരച്ച താടിരോമങ്ങൾ അയാളുടെ വിരലുകൾക്കിടയിലൂടെ അലസമായി ഒഴുകിയിറങ്ങി. വലിയ കണ്ണുകളിൽ വിഷാദം തളംകെട്ടി. വെയിൽ കൊണ്ടു നിറം മങ്ങിയ തൊലിയിൽ നിന്നും ഉപ്പുകാറ്റ് ജലാശം ഊറ്റിയെടുത്തു, ചുളിവുകൾ വീഴ്ത്തിയിരുന്നു. അധികം ദൂരെയല്ലാതെ ആർത്തിരിമ്പുന്ന കടൽ അയാളുടെ മനസ്സിലും ഇരുമ്പിയാർത്തു.

'എല്ലാം ഓൾക്ക് വേണ്ടിയായിരുന്നല്ലോ...' അയാളിൽ നിന്നും നെടുവീർപ്പുയർന്നു.

ഷംന അവരുടെ ഏക മകൾ, അതെ അവളായിരുന്നു അവർക്കെല്ലാം. അധ്വാനിയായ ജലീൽ ഓരോ ദിവസവും കടലിൽ തുഴയെറിഞ്ഞതും വീശിപ്പിടിച്ചതും ആ കുടുംബത്തിന്റെ സ്വപ്നങ്ങൾ ആയിരുന്നു.
'ഷംനാന്റെ നിക്കാഹ്...' അയാൾ വിശ്രമമില്ലാതെ ചോര നീരാക്കിയതും ഉറുമ്പിനെ പോലെ സ്വരുക്കൂട്ടി വെച്ചതും പുന്നാരമോളുടെ നല്ല ഭാവിക്കു വേണ്ടി മാത്രയായിരുന്നു.

"ഔ... ഒരു ഹൂറി... ഏതു സുൽത്താന്യാ അന്റെ ഉപ്പ കണ്ടുവെച്ചിരിക്കണേ, പുന്നാര മോൾക്ക്?", ഷംനയുടെ കൂട്ടുകാരികൾ കളിയാക്കി ചിരിച്ചു.

"ഒന്നു പോണുണ്ടോ... ന്റെ ഉമ്മേം വാപ്പച്ചേ വിട്ടു ഒരിടത്തും ഞാൻ പൂവൂല്യ."

അവളുടെ വെള്ളാരം കണ്ണുകൾക്ക് കുറുകെ പറന്ന നീളൻ മുടിയിഴകൾ മാടിയൊതുക്കി തട്ടത്തിൽ തിരുകി അവൾ ചിരിച്ചു.
"ഉം.. ഉം.. കാണാലോ... അവരുടെ ചിരിയിൽ കുപ്പിവള കിലുക്കം താളമിട്ടു.

തട്ടം പറപ്പിക്കുന്ന കടൽക്കാറ്റ് അവർക്കിടയിൽ കുസൃതികാട്ടി.

ചുവന്ന സന്ധ്യയുടെ തുടിപ്പിൽ, വെയിൽ ചാഞ്ഞപ്പോൾ, ഷംനയും ഉമ്മയും വിശേഷങ്ങൾ പങ്കുവെച്ചു ഉറക്കെ ചിരിക്കുമ്പോളാണ് ജലീൽ കയറിവന്നത്. കാലിലെ പൂഴി തട്ടിക്കുടഞ്ഞു, മൊന്തയിലെ വെള്ളമെടുത്തു കാൽ കഴുകി, അയാൾ ചാരുകസേരയിൽ ഇരുന്നു.

പാത്തുമ്മ കൊണ്ടുവന്നു വെച്ച പലഹാരം ഉപ്പയും മോളും മെല്ലെ ആസ്വദിച്ചു കഴിക്കാൻ തുടങ്ങി.
"ഭേഷായിട്ടുണ്ട് ഉമ്മ...", അവൾ വിരലുകൾക്കിടയിലെ മധുരം നക്കി തുടച്ചു.

"ഈ പലഹാരം കയ്യിട്ടുവാരി പെണ്ണിന് ഒരു പുയ്യാപ്ലെ കണ്ടു പിടിച്ചിരിക്കുണ്", അയാൾ തെളിഞ്ഞ ചിരിയോടെ ഭാര്യയേയും മകളേയും നോക്കി.

"ങ്... ഇതാര്?, പാത്തുമ്മ കൈകൊണ്ടു ആഗ്യം കാണിച്ചു.

"സുബൈർ... അറക്കലെ കുഞ്ഞുകുട്ടി ഇക്കയുടെ മോൻ, ചെക്കൻ ഓളെ കണ്ടിട്ടുണ്ട് ത്രെ."

"അനക്ക് മുട്ടില്ലാണ്ട് കയ്യാം, ഓന്റെ കച്ചോടം നല്ല ഉഷാറാണ്", അയാൾ ഷംനയെ ചേർത്തിരുത്തി.

"അന്റെ പൂതി പടച്ചോനറിയാന്നു തോന്നുണു. ഒരു രണ്ട് കിലോമീറ്ററു പോയാല് ഓന്റെ വീടായി. അനക്ക് തോന്നുമ്പം ഉമ്മെ കാണാൻ ഓടി ബരാം".
"ന്റെ വാപ്പച്ചീനീം...", ഷംന കൂട്ടിച്ചേർത്തു.

കാറ്റിൽ ഒരേ ദിശയിൽ ഉലയുന്ന തെങ്ങോലകൾ സീൽക്കാരത്തോടെ അവരുടെ സന്തോഷത്തിൽ പങ്കുചേർന്നു.

അലങ്കാരത്തുന്നൽ മനോഹരമാക്കിയ വിവാഹവസ്ത്രത്തിൽ മൈലാഞ്ചി ചോപ്പ് പടർത്തിയ കൈത്തലം ചേർത്തുവെച്ചു, ചുറ്റും ഒപ്പന പാടി കളിക്കുന്ന കൂട്ടുകാരികൾക്ക് നടുവിൽ, മൊഞ്ചുള്ള മണവാട്ടി, ചക്രവാളത്തിൽ മറയുന്ന സൂര്യനെപ്പോലെ പൊൻപ്രഭ പരത്തി.

സുബൈറും ഷംനയും പ്രതീക്ഷിക്കാത്ത നേരത്ത് വന്നു കയറിയപ്പോൾ പാത്തുമ്മ അത്ഭുതപ്പെട്ടു.

"ഉമ്മാക്ക് ഒരു ഉമ്മൂമ്മ ആകണ്ടേ? ഷംന ഉമ്മയുടെ കവിളിൽ നുള്ളി.

"എന്റെ റബ്ബേ...", പാത്തുമ്മ മകളെ കെട്ടിപിടിച്ചു.

ഷംനയുടെ വെള്ളിക്കൊലുസ്സുകൾ കിലുങ്ങി.

ആശുപത്രി വരാന്തയിൽ വേവലാതിയോടെ കാത്തുനിന്ന അവരുടെ കൈയിലേക്ക് വെച്ചുകൊടുത്ത കുഞ്ഞിനെ പാത്തുമ്മ മാറോടു ചേർത്തു. അവനു റസൂൽ എന്ന പേര് ഷംന കരുതിവെച്ചിരുന്നു.
ജോലിത്തിരക്കുകൾക്കിടയിലും പാത്തുമ്മ ഷംനയുടെ മുറിയിൽ ഇടയ്ക്കിടെ ഓടിയെത്തി. കുഞ്ഞിനെ ഒട്ടും ശ്രദ്ധിക്കാതിരിക്കുന്ന ഷംന കനലായി പാത്തുമ്മയുടെ ഉള്ളിൽ പുകഞ്ഞു.
"എന്താ അനക്ക് പറ്റ്യേ... ദീനം വല്ലതും?"
ഉമ്മയുടെ ചോദ്യങ്ങൾക്ക് നേരെ അവൾ അവൾ പ്രതികരിച്ചില്ല. മൗനത്തിന്റെ വലിയ താഴിട്ടു പൂട്ടിയ ദിനങ്ങൾ അവളിലൂടെ കടന്നുപോയി.
റസൂലിന്റെ ഉച്ചത്തിലുള്ള കരച്ചിൽ കടൽക്കാറ്റിന്റെ ഇരുമ്പലിൽ മുറിയിൽ ചുറ്റിത്തിരിഞ്ഞു. അലറിക്കരയുന്ന കുഞ്ഞിനരികിൽ നിശ്ചലയായി ഷംന ഇരുന്നു. അവന്റെ കരച്ചിൽ അവളെ അസ്വസ്ഥയാക്കി.
"ഇതിനെ കൊണ്ടുപോയി കളയുമ്മ", അവൾ പാത്തുമ്മയോടു കെഞ്ചിക്കരഞ്ഞു.
"എന്റെ റബ്ബേ...", പാത്തുമ്മ നടുങ്ങി.
ഷംന വെളിച്ചത്തിനു നേരെ മുറുമുറുത്തു. ജാലകപ്പാളികൾ കൊട്ടിയടച്ചു, ഇരുട്ടിൽ അഭയം തേടി. അവളുടെ കാതിൽ ആയിരം കടന്നലുകൾ മൂളി.

അവളെ വേട്ടയാടുന്ന ആൾക്കൂട്ടത്തെ വെറുത്തു, അവരിൽ നിന്നും ഓടിയകലാൻ കൊതിച്ചു. അവൾ ഏകാന്തതയിൽ ശാന്തയായി. വിഷാദം അവൾക്കു ചുറ്റുമുള്ള ഇരുട്ടിൽ കോട്ട പണിതു.
അയല്പക്കത്തെ സ്ത്രീകളും ബന്ധുക്കളും അടക്കം പറഞ്ഞു, മൂക്കത്തു വിരൽ വെച്ചു.
"ഓള്ക്ക് നൊസ്സിളകി..., അല്ലങ്കില് കുട്ടിക്ക് മൊല കൊടുക്കാണ്ടിരിക്കോ?"
അവർ കൂട്ടം കൂട്ടമായി ചർച്ച ചെയ്തു. പല അഭിപ്രായങ്ങളും എടുത്തിട്ടു.
"ആരെങ്കിലും കൈവിഷം കൊടുത്തത്താവും... അസൂയക്കാര്", വെളിച്ചം മങ്ങി തുടങ്ങിയ, തിമിരക്കണ്ണുകളുള്ള മറിയുതാത്തയുടെ വാക്കുകൾ ഷംനയുടെ കൂട്ടുകാരി മുംതാസ് നീരസത്തോടെ വിലക്കി.
"ഇങ്ങള് മുണ്ടാതിരി താത്ത, ഇത് ഒരു ദീനാണ്ന്നു കേട്ടിടുക്കുണ്."
"പിന്നെ ദീനം... ഈ ദുനിയാവില് എല്ലാരേം ഓരോ തള്ളമാര് പെറ്റതല്ലേ? ആരിക്കും ഇല്ലാത്ത ഒരിനം ദീനം...ഒരു ദീനക്കാരി വന്നിരിക്കുണ്... പോ പെണ്ണേ", വൃദ്ധ മുംതാസിനു നേരെ കയ്യോങ്ങി.
"ന്നാലും.. ജലീലിക്കാന്റെ പൊരേല് ഇങ്ങിനെ വന്നല്ലോ...". ചിലർ സഹതപിച്ചു
ചിന്തകൾ വിഴുങ്ങിയ ഉറക്കം, പാത്തുമ്മയുടെയും ജലീലിന്റെയും കൺപോളകളിൽ തൂങ്ങി നിന്നു.
"നിക്ക് പേട്യവുണ്...", പാത്തുമ്മ ജലീലിനെ നോക്കി വിമ്മികരഞ്ഞു.
"ഓളെ ഒരു ഡാക്കിട്ടരെ കാട്ടാം, ഈയ്യ് സമാധാനപ്പെട്", ഭാര്യയെ ആ വാക്കുകൾ സമാധാനിപ്പിച്ചുവെങ്കിലും മനോവ്യഥയിൽ അയാളുടെ തൊണ്ട വരണ്ടു. അയാൾ കുടിനീരിനായി പരതി.
ഷംനയുടെ വീട്ടുമുറ്റത്തു വന്നു നിന്ന കാറിൽ നിന്നും സുബൈറിന്റെ ബന്ധുക്കൾ ഇറങ്ങിവന്നു. പാത്തുമ്മയുടെ നെഞ്ചിൽ ഭയം അരിച്ചിറങ്ങി. ബന്ധുക്കളുടെ മുഖങ്ങളിൽ കനൽ ജ്വലിച്ചു.
"നിങ്ങള് സൂക്കേട്കാരിയെ ന്റെ മോന്റെ തലേല് കെട്ടിവെച്ചേ?", സുബൈറിന്റെ ഉമ്മ പാത്തുമ്മയുടെ നേരെ വിരൽ ചൂണ്ടി.
"അയ്യോ... നിങ്ങള് പടച്ചോന് നെരക്കാത്തത് പറയല്ലേ... ഓൾക്ക് ഒരു കൊഴപ്പം ഇല്യാർന്നു. നിങ്ങള്ക്കും അറിയണതല്ലേ", പാത്തുമ്മയുടെ ശബ്ദം ഇടറി.
"ഓളുടെ പിരാന്തു ഇപ്പ പൊറത്തു ചാടില്ലെ? ഓളെ കാത്തിരിക്കാൻ ഇനി എന്റെ മോനെ കിട്ടൂല്ല", അവർ ഷംനയുടെ മുറിയിലേക്ക് പാളി നോക്കി, തീർത്തും അവജ്ഞയോടെ ചിറികോട്ടി.
സൽക്കാരത്തിനായി ഒരുക്കിയ ചായയും പലഹാരങ്ങളും കണ്ണാടിപ്പാത്രങ്ങളിൽ തണുത്തു വിറങ്ങലിച്ചു. പാട കെട്ടിയ ചായയിൽ പൊടീച്ചകൾ ചത്തു കിടന്നു. ഉറഞ്ഞ പഞ്ചസാര തരികൾക്കു ചുറ്റും ഉറുമ്പുകൾ മെല്ലെ അരിച്ചുനീങ്ങി.
അടുപ്പിനടുത്തു ചൂടുപ്പറ്റി ചുരുണ്ടു കിടന്നിരുന്ന കുറിഞ്ഞി പൂച്ച തന്റെ ചുറ്റും കളിക്കുന്ന നാലു കുഞ്ഞുങ്ങളേയും മാറി മാറി നക്കി തോർത്തി.
കുഞ്ഞുങ്ങളുടെ കരച്ചിൽ അവളെ അസ്വസ്ഥയാക്കിയില്ല. പകരം അവയുടെ രോമക്കുപ്പായത്തിൽ മുഖമുരസ്സി അവൾ അവരെ ചേർത്തു നിർത്തി.
രാവിലെ പടിക്കടന്നു വരുന്ന അഹമദ് ഹാജിയെ കണ്ടു ജലീൽ മുറ്റത്തിറങ്ങി. ഉമ്മറത്തെ കസേര പൊടിതട്ടി ഇരിക്കാൻ ക്ഷണിച്ചു.
"...ന്റെ ഷംനേടെ കാര്യം, പൊരേല് പെണ്ണുങ്ങള് പറയണ കേട്ടു", അയാൾ ചോദ്യഭാവത്തിൽ ജലീലിനെ നോക്കി.
"ഉം... ഓളെ ഒരു ഡാക്കിട്ടരെ കാണിക്കാം ന്നു കരുതാ...", ജലീൽ താഴോട്ട് നോക്കി. ഹാജിയുടെ വെള്ളകുപ്പായം തിളങ്ങി.
"ഇജ് ന്താ പറയണേ?"
"അതൊന്നും മാണ്ട ജലീലെ...", അയാൾ എഴുന്നേറ്റു ജലീലിന്റെ കാതിൽ സ്വകാര്യം പറഞ്ഞു.
"ഞാൻ ഇറങ്ങണു.", അയാൾ കയ്യിലുള്ള ചന്ദനം കൊണ്ടു തീർത്ത വടി കുത്തി പോകാൻ എണീറ്റു. പ്രമാണിയുടെ സ്വർണച്ചുറ്റുള്ള വടി പൂഴിമണലിൽ ചെറിയ കുഴികൾ തീർത്തു പടികടന്നു പോയി.
ഷംനക്ക് വേണ്ടി എഴുതിയ തകിടുകളും, ഏലസ്സുകളും, മന്ത്രിച്ചു ഊതിയ ചരടുകളും അവളുടെ ശരീര ഭാഗങ്ങളിൽ തൂങ്ങിക്കിടന്നു.
അവയ്ക്കൊന്നിനും അവളുടെ ചുറ്റുമുള്ള ഇരുട്ടിന്റെ കോട്ട തകർക്കാനായില്ല.
രാത്രിമഴയുടെ സംഗീതം ഷംനയെ വിളിച്ചുണർത്തി. അവൾ മുറി തുറന്നു തനിയെ പുറത്തിറങ്ങി. ഭയം അവൾക്കു അന്യമായി തീർന്നിരുന്നു.
ശക്തമായ വേലിയേറ്റത്തിൽ കടലിൽ കുതിച്ചു പൊന്തിയ തിരകൾ ആ ഇരുട്ടിലും അവൾ കണ്ടു. പാറക്കെട്ടുകൾക്കു ചുറ്റും വെള്ളിപാദസരം തീർത്തു പതഞ്ഞു പൊന്തുന്ന നുരകൾ അവളുടെ പാദം നനച്ചു. അദൃശ്യമായ നീരാളി കൈകൾ ഊക്കിൽ അവളെ ഉള്ളിലേക്ക് വലിച്ചെടുത്തു.
കടലാഴങ്ങളിലെ ഇരുട്ടിന്റെ ലോകത്തേക്ക് അവളെ കൂട്ടി കൊണ്ടുപോയി.
ഷംനയുടെ മുറിയുടെ വാതിൽ തുറന്നു കിടന്നു. പാത്തുമ്മയുടെ നെഞ്ചിൽ മിന്നൽ പാഞ്ഞു.
"പടച്ചോനെ...ഓള്...?,അവരുടെ അലമുറ മുറ്റവും തൊടിയും കടന്നു കടൽക്കരയിലെത്തി.
മരണവീട്ടിൽ ആളുകൾ തിങ്ങി നിറഞ്ഞു. അകത്തു തൊട്ടിലിൽ റസൂൽ ഉച്ചത്തിൽ അലറി കരഞ്ഞുകൊണ്ടിരുന്നു. ഉമ്മറത്തെ കസേരയിൽ അഹമ്മദ് ഹാജി വന്നിരുന്നു. ആളുകൾ ബഹുമാനത്തോടെ ഒഴിഞ്ഞു നിന്നു.
"ന്താ പഹയന്റെ കീറല്...",അയാൾ അസ്വസ്ഥതയോടെ മുഖം ചുളിച്ചു, കൈ വിരലുകൾ ചുരുട്ടിനിവർത്തി.
"റസൂല്... ഓൻ മാലാഖ... മലക്ക് ന്നെ, ഉമ്മാന്റെ റൂഹ് വലിച്ചെടുക്കാൻ വന്ന അസറായീല് മലക്ക്."
"ഇനി ആര്ടെ പെരുവിരലാവോ തരിക്ക്യ...", ചുറ്റും കൂടിയ ആളുകൾ ഭയപ്പാടോടെ പരസ്പരം നോക്കി.
"ഹാജ്യാരെ... ഓനല്ല... ന്റെ മോളെ കൊണ്ടുപോയത്. ഇങ്ങടെ വാക്ക് കേട്ടതാ എനിക്ക് തെറ്റീത്. ഇനി ഓൾടെ കുഞ്ഞിനെ പറഞ്ഞാലുണ്ടല്ലോ", ജലീൽ മുന്നോട്ടാഞ്ഞു. അയാളുടെ കണ്ണുകൾ പുറത്തേക്കു തള്ളി,വാക്കുകൾ തീ തുപ്പി.
നടുക്കം പുറത്തുകാണാതിരിക്കാൻ ഹാജിയാർ പണിപ്പെട്ടു. അയാൾ പെരുവിരൽകൊണ്ടു അസുഖകരമായ ശബ്ദത്തിൽ തറയിൽ ഉരസി.
***
മെല്ലെ വീശുന്ന കടൽക്കാറ്റിൻ താരാട്ടിനൊപ്പം ഉപ്പൂപ്പയുടെ നെഞ്ചിൽ തലച്ചേർത്തു കുഞ്ഞുമാലാഖ സ്വപ്നം കണ്ടുറങ്ങി. സ്വപ്നത്തിൽ, ഉമ്മയുടെ തലോടൽ ഏറ്റിട്ടാവും, അവൻ ഉറക്കത്തിൽ പുഞ്ചിരിക്കുന്നതെന്ന്, ജലീലും പാത്തുമ്മയും തങ്ങളുടെ മനസ്സിനെ പറഞ്ഞു പഠിപ്പിക്കാൻ ശ്രമിച്ചു.
ആകാശത്തെ കോണിൽ അവരെ നോക്കി ഒരു നക്ഷത്രം മിന്നിത്തിളങ്ങി. അവൾക്കു ചുറ്റും ഇരുട്ടിന്റെ കരിമ്പടത്തിൽ അനവധി നക്ഷത്രകുഞ്ഞുങ്ങളെ പെറ്റിട്ടിരുന്നു.
* * *
തിരിച്ചറിയാൻ കഴിയാതെ പോയ രോഗാവസ്ഥ തട്ടിപ്പറിച്ച സ്ത്രീ ജന്മകളും അതിനു പഴി കേട്ട കുഞ്ഞുങ്ങളും അവരെ കുറിച്ച് വേദനിച്ച കുറെ നല്ല മനുഷ്യരും നമുക്കു ചുറ്റുമുണ്ട്.

ഡാളസ് കേരള അസോസിയേഷൻ കേരളപ്പിറവി ആഘോഷം ആകർഷകമായി.

ഡാളസ്: ഡാളസ് കേരള അസോസിയേഷൻ നവംബർ 1ന് സംഘടിപ്പിച്ച 2025 കേരളപ്പിറവി ആഘോഷത്തിൽ വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിച്ചത് വലിയ ശ്രദ്ധ ആകർഷിച്ചു. ഈ വർഷത്തെ കേരളപ്പിറവി ആഘോഷം വ്യത്യസ്തതയും പുതുമയും നിറഞ്ഞ, കേരളത്തിന്റെ പാരമ്പര്യവും കലാസൗന്ദര്യവും പ്രകടിപ്പിക്കുന്ന ഒരു മഹായാത്രയായിരുന്ന്. വൈകിട്ട് 6 മണിക്ക് സെന്റ് തോമസ് സീറോ മലബാർ ജൂബിലി ഹാളിൽ അഥിതികളെ ചെണ്ടമേളങ്ങളുടെ അകമ്പടിയോടെയാണ് സ്വീകരിച്ചത്.



അമേരിക്കൻ, ഇന്ത്യൻ ദേശീയഗാനാലാപനയോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു. ഡാളസ് കേരള അസോസിയേഷന്റെ പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ സ്വാഗതപ്രസംഗം നടത്തി. ഗാർലാൻഡ് മേയർ ഡിലൻ ഹെൻഡ്രിക് ഈ ചടങ്ങിന്റെ മുഖ്യാതിഥി ആയിരുന്നു. ഗാർലാൻഡ് ബോർഡ് മെമ്പർ പി.സി. മാത്യു, ഷിജു എബ്രഹാം എന്നിവർ പരിപാടിയിൽ പങ്കെടുത്തു.



കേരളത്തിന്റെ സമ്പന്നമായ കലാരൂപങ്ങൾ, ഭരതനാട്യം, മോഹിനിയാട്ടം, നാട്ടൻ നൃത്തം, ഒപ്പന, മാർഗംകളി എന്നിവ വേദിയെ മനോഹരമാക്കി. താലന്തുള്ള ഗായകർ അവതരിപ്പിച്ച ഗ്രൂപ്പ് ഗാനങ്ങൾ, മാപ്പിളപ്പാട്ട്, വിവിധ സംഗീതപ്രകടനങ്ങൾ എന്നിവ പ്രേക്ഷകർക്കായി ഒരുക്കിയിരുന്നു.

ഇത്തവണത്തെ കേരളപ്പിറവി ആഘോഷം മലയാളി മങ്കയും ശ്രീമാൻ മത്സരവും ഉൾപ്പെടെ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചത് ആകാംക്ഷയുണ്ടാക്കി.

സംഘഗാനം**: മനോജ് കൃഷ്ണൻ & ടീം
മോഹിനി ആട്ടം**: തപസ്യ സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ് (കൊറിയോഗ്രാഫി: ദിവ്യസനൽ)
സെമി ക്ലാസിക്കൽ ഡാൻസ്**: ടീം നാദ്യം (നൃത്തസംവിധാനം: വിനീത)
കുച്ചുപ്പുടി**: ഗുരുപറമ്പറ സ്കൂൾ ഓഫ് ആർട്സ് (നൃത്തസംവിധാനം: മഞ്ജു മഞ്ജു, ഹേമ മാലിനി)
ഒപ്പന**: ഡാളസ് മൊഞ്ചാത്തീസ് (നൃത്തസംവിധാനം: ദീന റോഡ്രിഗസ്)
തിരുവാതിര**: ടീം നവരസ (നൃത്തസംവിധാനം: ഇന്ദു അനൂപ്)
ഭരതനാട്യം**: ഇസിപിഎ (നൃത്തസംവിധാനം: വാണി ഈശ്വർ)
മാപ്പിളപാട്ടുകൾ, നാടൻ നൃത്തം**: ടീം നാട്യഗൃഹ (നൃത്തസംവിധാനം: സുമ സിബിൽ)
സെമി ക്ലാസിക്കൽ ഡാൻസ്**: ടീം ഉൽസവം (കൊറിയോഗ്രാഫി: അഞ്ജു മനോജും ടീം)
മാർഗം കളി**: റിഥം ഓഫ് ഡാളസ്



ഈ സാംസ്കാരിക വിരുന്ന് സുതാര്യമായി സംഘടിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും അസ്സോസിയേഷൻ സെക്രട്ടറി മഞ്ജിത്ത് കൈനിക്കര നന്ദി പറഞ്ഞു. മെമ്പർഷിപ്പ് ഡയറക്ടർ വിനോദ് ജോർജ് ,എഡിറ്റർ ദീപക് രവീന്ദ്രൻ എന്നിവർ വോളണ്ടിയർമാരെയും പ്രൊസഷൻ ഗ്രൂപ്പിനെയും ഏകോപിപ്പിച്ച് പരിപാടി മികച്ച രീതിയിൽ നടത്താൻ നേതൃത്വം നൽകി. സെക്രട്ടറി മഞ്ജിത് കൈനിക്കരയും ആർട്സ് ഡയറക്ടർ സുബി ഫിലിപ്പ് എന്നിവർ എംസിമാരായിരുന്നു

ഡാളസ് കേരള അസോസിയേഷൻ സംഘടിപ്പിച്ച ഈ കേരളപ്പിറവി ആഘോഷം, മലയാളികളുടെ സാംസ്കാരിക വ്യത്യസ്തതയും സമ്പന്നതയും നിറഞ്ഞ ഒരു അനുഭവമായി.













ഗ്രെയ്റ്റർ ന്യൂയോർക്ക് കേരളാ സമാജം ഫാമിലി നെറ്റും വാർഷിക ഡിന്നറും നവംബർ 23 ഞായറാഴ്ച്ച 5:30-ന്; പ്രവാസി ചാനൽ സാരഥി സുനിൽ ട്രൈസ്റ്റാർ മുഖ്യാതിഥി



ഇൽഹാൻ ഒമറിനോട് രാജ്യത്തോട് വിട പറയാൻ നിർദ്ദേശിച്ചു ട്രംപ്



വാഷിങ്ടൺ: പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ശനിയാഴ്ച പുരോഗമനവാദിയും കോൺഗ്രസ്സ് അംഗവുമായ ഇൽഹാൻ ഒമറിനെ (ഡി-മിൻ) അവരുടെ സോമാലിയൻ പാരമ്പര്യത്തിന്റെ പേരിൽ വിമർശിച്ചു, ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ രാജ്യം വിടാൻ ആവശ്യപ്പെട്ടു,

ഒമറിനെ രാജ്യത്ത് നിന്ന് നീക്കം ചെയ്യണമെന്ന് പ്രസിഡന്റ് നിർദ്ദേശിക്കുന്നത് സമീപ ആഴ്ചകളിൽ ഇതാദ്യമല്ല.

"അവർ തിരിച്ചു പോകണം!" ഓമർ ഒരു ജനസമ്മേളനത്തിൽ പ്രസംഗിക്കുന്ന വിഡിയോ കൂടെ പങ്കുവച്ചു അദ്ദേഹം ട്രൂത്ത് സോഷ്യലിൽ എഴുതി.

ഒമർ സൊമാലിയയിൽ ജനിച്ചു, 8 വയസ്സുള്ളപ്പോൾ രാജ്യത്തെ ആഭ്യന്തരയുദ്ധത്തിൽ നിന്ന് പലായനം ചെയ്തു, 1995 ൽ കെനിയൻ അഭയാർത്ഥി ക്യാമ്പിൽ നാല് വർഷം ചെലവഴിച്ചതിന് ശേഷം യുഎസിൽ എത്തി. 2000 ൽ അവർ ഒരു അമേരിക്കൻ പൗരയായി.

. "ഞാൻ എങ്ങനെ എന്റെ പൗരത്വം നഷ്ടപ്പെടും എന്ന് ഞാൻ അറിയുന്നില്ല," എന്നായിരുന്നു ഇൽഹാൻ ഓമറിന്റെ പ്രതികരണം.“എനിക്ക് വിഷമമില്ല, അവർ എന്റെ പൗരത്വം എങ്ങനെ എടുത്തുകളയുമെന്നും എന്നെ നാടുകടത്തുമെന്നും എനിക്കറിയില്ല,” അവർ ദി ഡീൻ ഒബെയ്ദള്ള ഷോയിൽ പറഞ്ഞു. “പക്ഷേ അത് ഇത്ര ഭയാനകമായ ഒരു ഭീഷണിയാണെന്ന് എനിക്കറിയില്ല.

യുദ്ധത്തിൽ നിന്ന് രക്ഷപ്പെട്ട 8 വയസ്സുകാരി ഞാനല്ല എന്നതുപോലെ. ഞാൻ വളർന്നു, എന്റെ കുട്ടികൾ വളർന്നു. എനിക്ക് വേണമെങ്കിൽ എനിക്ക് എവിടെ വേണമെങ്കിലും ജീവിക്കാൻ കഴിയുമെന്ന് തോന്നുന്നു ഒമർ പ്രതികരിച്ചു

ഇന്ത്യൻ നേഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക നേതാക്കളായ ഡോ. ആനി പോൾ, ശ്രീമതി സാറാ അമ്പാട്ട് ഡാളസ് സന്ദർശിച്ചു

ഡാളസ്: നാഷണൽ ഇന്ത്യൻ നേഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക (NINPAA)യുടെ ചെയർമാൻ ഡോ. ആനി പോൾ, പ്രസിഡന്റ് ശ്രീമതി സാറാ അമ്പാട്ട് ടെക്സാസിലെ ഡാളസിൽ സന്ദർശനം നടത്തി. അവരുടെ സന്ദർശനത്തിനിടയിൽ, നഴ്സ് പ്രാക്ടീഷണേഴ്സിന്റെ (NP) വിദ്യാഭ്യാസം, വ്യക്തിത്വം, നേതൃപാടവം എന്നിവയിലൂടെ പ്രൊഫഷണൽ മികവ്, കരിയർ പുരോഗതി, ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കാനുള്ള NINPAAയുടെ ദർശനം പങ്കുവെച്ചു.



ഡോ. ആനി പോൾ, ശ്രീമതി സാറാ അമ്പാട്ട് ചേർന്ന്, ശ്രീമതി ജെയ്സി ജോർജിയുടെ നേതൃത്വത്തിൽ പുതിയതായി തുറന്ന ‘കെയറിംഗ് ക്ലിനിക്ക്’ ഉദ്ഘാടനം ചെയ്തു. ഈ ക്ലിനിക്കിന്റെ ലക്ഷ്യം സമൂഹത്തിന് എളുപ്പത്തിൽ ലഭ്യമായ, ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുക എന്നതാണ്. ഇൻഷുറൻസ് ഇല്ലാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സേവനങ്ങൾ നൽകുന്നതാണ് ഇതിന്റെ പ്രത്യേകത.

ആരോഗ്യ സംരക്ഷണ നയങ്ങളുടെയും രോഗി പരിചരണത്തിന്റെ ഗുണനിലവാരത്തിന്റെയും മെച്ചപ്പെടുത്തലുകളായുള്ള ചർച്ചകൾ നടന്നു.

പ്രാദേശിക നഴ്സ് പ്രാക്ടീഷണർമാർക്ക് നെറ്റ്വർക്ക് ചെയ്യാനും, മികച്ച രീതികൾ പങ്കുവെക്കാനും, നേതൃത്വത്തിലൂടെ പ്രോത്സാഹനം നേടാനും ഈ പരിപാടി ഒരു മികച്ച വേദി ആയി.

ഈ സന്ദർശനം NINPAAയുടെ നഴ്സ് പ്രാക്ടീഷണർമാരുടെ പ്രൊഫഷണൽ വളർച്ചക്കും, സമുദായത്തിന് ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണം നൽകുന്നതിനുള്ള സമർപ്പണത്തിന്റെയും ഉദാഹരണമാണ്.







കേരളപിറവി – നമ്മുടെ അഭിമാനത്തിന്റെ ദിനം



നോബി പോൾ
സബ് എഡിറ്റർ, കേരള ടൈംസ്

നവംബർ ഒന്നാം തീയതി — മലയാളികളുടെ മനസിൽ അഭിമാനത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി മാറിയ ദിനം. 1956 നവംബർ 1-ന് ഭാഷാധിഷ്ഠിത പുനഃസംഘടനയിലൂടെ കേരള സംസ്ഥാനത്തിന് ജന്മം ലഭിച്ചു. അന്ന് മുതൽ ഈ ദിവസം മലയാളികൾ "കേരളപിറവി ദിനം" ആയി ആഘോഷിക്കുന്നു.
കേരളത്തിന്റെ രൂപീകരണത്തിന് മുൻപ്, ഇന്നത്തെ കേരളം മൂന്ന് പ്രധാന ഭരണഘടനകളിലായി നിലനിന്നിരുന്നു — ത്രിവിതാംകൂർ, കൊച്ചി, മലബാർ. 1956-ൽ ഇവയെ ഒന്നിപ്പിച്ചാണ് കേരളം രൂപംകൊണ്ടത്. മലയാളം സംസാരിക്കുന്നവരെയെല്ലാം ഒരേ ഭരണഘടനയിൽ ഉൾപ്പെടുത്തുക എന്ന ആശയമാണ് ഇതിന് പിന്നിൽ. അതുകൊണ്ടാണ് കേരളപിറവി നമ്മുടെ ഭാഷയോടും സംസ്കാരത്തോടും ഉള്ള ആത്മബന്ധത്തിന്റെ ഓർമ്മദിനമായി നിലകൊള്ളുന്നത്.
ഭാഷയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലായിരുന്നു. അത് മലയാളികളുടെ ഐക്യവും സ്വാഭിമാനവും തെളിയിച്ച സംഭവമായിരുന്നു. കേരളത്തിന്റെ പിറവി, സംസ്കാരപരമായും സാമൂഹികമായും പുതിയൊരു ദിശയിലേക്ക് ജനതയെ നയിച്ചു. “കേരളം” എന്നത് ഒരു ഭൂമിശാസ്ത്രപരമായ പരിധിയല്ല, മറിച്ച് മലയാളികളുടെ മനസ്സുകൾ ചേർന്നുണ്ടായ ഒരു സാംസ്കാരിക ഏകതയാണ്.
കേരളം ഇന്ന് ഇന്ത്യയുടെ വികസന മാതൃകയായി പരിഗണിക്കപ്പെടുന്നു. ഉയർന്ന സാക്ഷരതാ നിരക്ക്, മികച്ച ആരോഗ്യമേഖല, സാമൂഹിക നീതി, സ്ത്രീശാക്തീകരണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കേരളം മുന്നിലാണ്. ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന മലയാളികൾക്ക് ഈ മണ്ണ് എപ്പോഴും അഭിമാനമാണ്.
കേരളപിറവി ദിനം നമ്മെ നമ്മുടെ ഭാഷയുടെയും പാരമ്പര്യത്തിന്റെയും മൂല്യങ്ങളുടെയും പാതയിലേക്ക് തിരികെ വിളിക്കുന്നു. ഈ ദിവസം സ്കൂളുകളിലും കോളേജുകളിലും ഓഫിസുകളിലും കേരളപ്പിറവി ആഘോഷങ്ങൾ നിറഞ്ഞ് പോകും — മലയാളി വേഷത്തിൽ കുട്ടികൾ, മലയാള കവിതകൾ, പാട്ടുകൾ, നാടൻ കലാരൂപങ്ങൾ — എല്ലാം ഈ ദിവസത്തിന്റെ സാംസ്കാരികത വർദ്ധിപ്പിക്കുന്നു.
കേരളത്തിന്റെ മണ്ണ് സംഗീതത്തിന്റെയും കവിതയുടെയും കലാപാരമ്പര്യത്തിന്റെയും ശാന്തമായ പുഴകളുടെയും പച്ചപ്പിന്റെയും നാട്. ഈ പിറവി ദിനത്തിൽ നമ്മൾ ഒരിക്കൽ കൂടി തിരിച്ചറിയേണ്ടത് നമ്മുടെ സംസ്കാരത്തിന്റെ മഹത്വവും അതിനെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വവുമാണ്. കേരളം നമ്മുടെ അഭിമാനം, നമ്മുടെ അസ്തിത്വം, നമ്മുടെ മാതൃഭൂമി.
നവംബർ ഒന്നാം തീയതി അതിനാൽ തന്നെ ഒരു ആഘോഷദിനമാത്രമല്ല — അത് മലയാളികളുടെ ആത്മീയ ഐക്യത്തിന്റെ ചിഹ്നമാണ്.
● കേരളപിറവി ദിനാശംസകൾ!
മലയാളം, കേരളം, മലയാളിത്തം — എപ്പോഴും നിലനിൽക്കട്ടെ!



ആനിക്കാട് – എന്റെ ഗ്രാമം, എന്റെ ഹൃദയം

സി വി സാമുവേൽ ഡിട്രോയിറ്റ്

എന്റെ മകൻ ഷിബു എന്നോട് ചോദിച്ചപ്പോൾ – “എന്താണ് നീ വീണ്ടും വീണ്ടും സന്ദർശിക്കാൻ ആഗ്രഹിക്കുന്ന സ്ഥലം?” – എനിക്ക് ഒരു നിമിഷം പോലും ആലോചിക്കേണ്ടി വന്നില്ല. എന്റെ മറുപടി തൽക്ഷണം പുറത്ത് വന്നു: *ആനിക്കാട്, മല്ലപ്പള്ളി – എന്റെ ഗ്രാമം.*

ആനിക്കാട് എന്ന ഗ്രാമം എന്നെ ആകർഷിക്കുന്നത് വെറും ഓർമ്മകളാൽ മാത്രമല്ല; അതിന്റെ സൗന്ദര്യവും ചരിത്രവും ചേർന്നതാണ് ആ ബന്ധം. ലോകത്തിന്റെ പല ഭാഗങ്ങളിലൂടെയും യാത്ര ചെയ്തിട്ടുള്ള ഒരാളായ എനിക്ക്, എന്റെ ഗ്രാമത്തിന്റെ പ്രകൃതിസൗന്ദര്യത്തോടു താരതമ്യപ്പെടുത്താൻ മറ്റൊരിടത്തെയും കാണാനായിട്ടില്ല. പുലിക്കമലയുടെ പച്ചക്കുന്തുകൾ നമ്മുടെ വീട്ടിനരികെ പൊങ്ങി നിന്നു, ഗ്രാമത്തിന്റെ പൈതൃകസൗന്ദര്യത്തിന് ഒരു മഹത്വം നൽകിയിരുന്നു. മണിമലാറ് നദി അതിന്റെ മിനുങ്ങുന്ന നീരൊഴുക്കുകളോടെ ആനിക്കാടിലൂടെ ഒഴുകി, അതിന്റെ കരകളിൽ ഗ്രാമജീവിതത്തിന്റെ ഹൃദയസ്പന്ദനം കേൾക്കാമായിരുന്നു. പുല്ലുക്കുട്ടിയിലടുത്തുള്ള കവനാൽ കടവ്, ഒരുകാലത്ത് ഗ്രാമജീവിതത്തിന്റെ കൂട്ടായ്മയുടെ കേന്ദ്രമായിരുന്നു.

എനിക്ക് ഏകദേശം പതിനൊന്നോ പന്ത്രണ്ടോ വയസുണ്ടായിരിക്കുമ്പോൾ, ഞാൻ മുറാണിയിലെ എൻ.എസ്.എസ്. മിഡിൽ സ്കൂളിൽ പഠനം ആരംഭിച്ചു. സ്കൂൾ മണിമലാറിന്റെ മറുകരയിലായിരുന്നു, വീട് ആനിക്കാട് വശത്ത്. ഓരോ ദിവസവും ഞാൻ ചെറുവള്ളമായ വള്ളത്തിൽ നദി കടന്നാണ് സ്കൂളിലെത്തിയത്. കദത്തുകാരൻ കുട്ടിച്ചേട്ടനും മകനായ ബേബിയും വള്ളം ചമച്ചുകൊണ്ട് ഞങ്ങളെ സുരക്ഷിതമായി കടത്തിക്കൊണ്ടുപോകും.

വേനലിൽ നദി ശാന്തമായിരിക്കും; ചിലപ്പോൾ നടന്ന് കടക്കാനും പറ്റും. പക്ഷേ മഴക്കാലത്ത് അതേ നദി ഉഗ്രസ്വരൂപം ധരിക്കും. വള്ളം ചെറുതായതിനാൽ, ആ കടത്തൽ ജീവൻ പണയപ്പെടുത്തി നടത്തേണ്ടതായിരിക്കും. ഒരു ദിവസം ഞാൻ വഴുതി വീണു; പുസ്തകങ്ങളും ലഞ്ച് ബോക്സും ഒഴുക്കിൽ കാണാതായി. ഭാഗ്യവശാൽ വള്ളത്തിന്റെ അരികിൽ പിടിച്ചുകൊണ്ട് ഞാൻ രക്ഷപ്പെട്ടു. അന്ന് പറഞ്ഞിരുന്നത്, വള്ളത്തിൽ നിന്ന് വീണ് വള്ളത്തിന്റെ വശത്ത് തട്ടിയാൽ അതിൽനിന്ന് രക്ഷപ്പെടുക അത്യപൂർവമാണെന്നാണ്. ദൈവകൃപയാൽ ഞാൻ അതിൽ നിന്ന് രക്ഷപ്പെട്ടു.

ആ മൂന്ന് വർഷം – ആനിക്കാടിൽ നിന്ന് മുറാണിയിലേക്ക് നടത്തുന്ന ആ ദിനസഞ്ചാരം – എനിക്ക് ധൈര്യം, അധ്വാനം, ജീവിതപാഠങ്ങൾ എല്ലാം പഠിപ്പിച്ചു. മണിമലാറിന്റെ തണുത്ത നീരിൽ നീന്തിയ വേനല്പകലുകൾ ഇന്നും ഓർമ്മയിൽ ഉണരുന്നു. അതാണ് എന്റെ ബാല്യത്തിന്റെ സംഗീതം.

ആനിക്കാട് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ നിന്ന് ഏകദേശം നാല് മൈൽ അകലെയുള്ള ഒരു ചെറിയ ഗ്രാമമാണ്. *ചാക്കുപറമ്പിൽ* കുടുംബം ഇവിടെ ഇരുന്നൂറിലധികം വർഷങ്ങളായി വേരൂന്നിയിരിക്കുന്നു. 1971 നവംബർ 20-ന് ഞാൻ അമേരിക്കയിലേക്ക് കുടിയേറിയെങ്കിലും, കഴിഞ്ഞ ദശകങ്ങളിൽ ഇരുപതിലധികം തവണ ആനിക്കാടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട്. എൺപത്തിരണ്ടാം വയസ്സായ ഇന്നും, ഇരുപത്തിയൊന്ന് മണിക്കൂർ നീളുന്ന വിമാനയാത്രയെ അതിജീവിച്ച് എങ്കിലും ഒരിക്കൽ കൂടി ആ ഗ്രാമം കാണാമെന്ന പ്രതീക്ഷയാണ് മനസ്സിൽ.

ആനിക്കാടിന്റെ ഹൃദയം *നൂറൊമ്മാവ്* എന്ന കേന്ദ്രമാണു് – ഗ്രാമവാസികൾ വാണിജ്യത്തിനും സൗഹൃദത്തിനുമായി കൂടിച്ചേരുന്ന സ്ഥലം. നമ്മുടെ വീട് അതിൽ നിന്ന് അധികം അകലെയല്ല; *മുത്തത്തുമാവ്* പ്രദേശത്തിനടുത്ത്, നെദുംകുന്നം–കവനാൽ കടവ് റോഡിന്റെ അരികിൽ. ഓരോ സ്ഥലനാമത്തിനും എന്റെ ബാല്യവും കൗമാരവും ചാർത്തിയ അനവധി ഓർമ്മകളുണ്ട്.

ആനിക്കാടിനെ ചുറ്റിപ്പറ്റി നെദുങ്കടപ്പള്ളി, കരുക്കച്ചാൽ, നെദുംകുന്നം, പുന്നവേലി തുടങ്ങിയ ഗ്രാമങ്ങൾ സ്ഥിതിചെയ്യുന്നു. ഇവയെല്ലാം പരസ്പരം ബന്ധിപ്പിക്കുന്ന ചുരുങ്ങിയ റോഡുകളും വർഷങ്ങളായ സൗഹൃദങ്ങളുമാണ് ഗ്രാമജീവിതത്തിന്റെ ആധാരം. വലിയ പട്ടണങ്ങൾക്കും അടുത്താണ് ഇവിടം — തിരുവല്ലയും ചങ്ങനാശ്ശേരിയും പന്ത്രണ്ടു മൈലിൽ, കോട്ടയം പതിനാറിൽ. റെയിൽവേ പാത ഇല്ലെങ്കിലും, ട്രെയിൻ പിടിക്കാൻ തിരുവല്ലയോ കോട്ടയമോ പോകാം. വിദേശത്തുനിന്നുള്ളവർക്ക് ഏറ്റവും അടുത്ത അന്താരാഷ്ട്ര വിമാനത്താവളം നെടുമ്പാശ്ശേരിയിലാണ് – അറുപത്തിയഞ്ച് മൈൽ അകലത്ത്.

ഓരോ സന്ദർശനവും എനിക്ക് ഒരു സമയയാത്രയാകുന്നു. തെങ്ങിൻതോപ്പിലൂടെ കാറ്റ് വീശുമ്പോൾ, മണിമലാറിന്റെ മൃദു ശബ്ദം കേൾക്കുമ്പോൾ, സമയം നിശ്ചലമായെന്ന തോന്നൽ. ആനിക്കാട് എന്നത് എന്റെ ജന്മനാടല്ലാതെ, എന്റെ സ്വപ്നങ്ങൾ, സന്തോഷങ്ങൾ, പോരാട്ടങ്ങൾ എല്ലാം വളർന്ന മണ്ണാണ്.

അതിനാലാണ് എനിക്ക് ഒരിക്കൽ കൂടി പോകേണ്ട സ്ഥലം ചോദിച്ചാൽ മനസ്സ് മറുപടി പറയുന്നത് –
ആനിക്കാട് – എന്റെ വീട്, എന്റെ ആരംഭം, എന്റെ അനന്തമായ സ്നേഹം.

പോപ്പ് ലിയോ XIVയുടെ അനുമതിയിൽ, സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ലാറ്റിൻ മസ്സിന് തിരിച്ചുവരവ്



റോം : വർഷങ്ങളായി നിയന്ത്രണങ്ങൾക്കുള്ളിൽ ആയിരുന്ന പരമ്പരാഗത ലാറ്റിൻ മസ്സിന് (TLM) സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ തിരിച്ചെത്താനായി. 2025 ഒക്ടോബർ 25-ന്, അമേരിക്കൻ കാർഡിനൽ റെയ്മണ്ട് ബർക്ക് *ആൾട്ടർ ഓഫ് ദ ചെയർ* എന്ന സ്ഥലത്ത് പരമ്പരാഗത ലാറ്റിൻ മസ്സിന് നേതൃത്വം നൽകി.

ഈ മസ്സിന് പോപ്പ് ലിയോ XIVയുടെ പൂർണ്ണ അനുമതിയുണ്ടായിരുന്നു, ഇത് മുൻഗാമിയായ പോപ്പ് ഫ്രാൻസിസിന്റെ കർശന നയങ്ങളിൽ നിന്ന് ഒരു വലിയ മാറ്റത്തിന്റെ സൂചനയാണെന്ന് കത്തോലിക്കാ സമൂഹത്തിൽ വിലയിരുത്തപ്പെടുന്നു.


ഈ മസ്സിന്റെ ആഘോഷം "AD PETRI SEDEM" തീർഥാടനത്തിന്റെ ഭാഗമായാണ് നടത്തിയത്. പതിവായി ലാറ്റിൻ മസ്സുകൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല, പക്ഷേ 2022 이후 ആദ്യമായാണ് ഇത്തരം ഒരു ചടങ്ങിന് അനുമതി നൽകിയത്.

2021-ൽ പോപ്പ് ഫ്രാൻസിസ് പുറത്തിറക്കിയ *TRADITIONIS CUSTODES* എന്ന രേഖ ലാറ്റിൻ മസ്സിനെ സംബന്ധിച്ച കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു, ഇതിന്റെ ഭാഗമായി ബിഷപ്പുമാർ വത്തിക്കാൻ അനുമതി തേടേണ്ടിയിരുന്നതും, പാരിഷ് ദേവാലയങ്ങളിൽ മസ്സുകൾ നടത്തുന്നത് വിലക്കപ്പെട്ടിരുന്നതുമാണ്.

കാർഡിനൽ ബർക്ക് 2025-ൽ ഇടപെട്ട മസ്സിന്റെ അനുമതി, പോപ്പ് ലിയോ XIVയുടെ ഭാഗമായുള്ള ഒരു പുതിയ സമീപനത്തിന്റെ തുടക്കം എന്ന് പരമ്പരാഗത വിശ്വാസികൾ വിലയിരുത്തുന്നു. 2020-ൽ പുറത്ത് വന്ന വത്തിക്കാനുഭവ സേർവേയുടെ അടിസ്ഥാനത്തിൽ, മിക്ക ബിഷപ്പുമാർ കൂടി കൂടുതല് നിയന്ത്രണങ്ങൾ ആവശ്യപ്പെട്ടിട്ടില്ലെന്നാണ് റിപ്പോർട്ട്.

വേണ്ട കപ്പ് 2025ൽ ഭിന്നശേഷിക്കുട്ടികളുടെ സൗഹൃദ ഫുട്ബോൾ മത്സരം ശ്രദ്ധേയമായി

തിരുവനന്തപുരം: ഫോര്ത്ത് വേവ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തില് കഴക്കൂട്ടം മാജിക് പ്ലാനറ്റില് നടക്കുന്ന വേണ്ട കപ്പ് 2025 ഫുട്ബോള് ടൂര്ണമെന്റില് ഡിഫറന്റ് ആര്ട് സെന്ററിലെ (ഡി.എ.സി) ഭിന്നശേഷിക്കുട്ടികള് പങ്കെടുത്ത സൗഹൃദമത്സരം ശ്രദ്ധേയമായി. ഫോര്ത്ത് വേവ് ഫൗണ്ടേഷന് ടീമുമായാണ് മത്സരിച്ചത്. ആവേശം അലതല്ലിയ മത്സരത്തില് ഡി.എ.സി പെനാല്റ്റി ഷൂട്ടൗട്ടിലൂടെ വിജയിക്കുകയായിരുന്നു. ഇരുടീമുകളും 2 ഗോള്വീതം നേടിയതോടെ മത്സരം പെനാല്റ്റി ഷൂട്ടൗട്ടിലേയ്ക്ക് നീങ്ങി. 3-1 എന്ന സ്കോറിലാണ് ഒടുവില് വിജയം ഡി.എ.സിക്ക് സ്വന്തമായത്. ഡിഫറന്റ് ആര്ട് സെന്ററിനുവേണ്ടി ആസിഫ്, ജോമോന്, അഖില്കൃഷ്ണ, അഭിനവ്, ഗോവിന്ദ്, ആഷിഖ്, സിനു, നന്ദുമോഹന്, അലന്.എസ്, പിങ്കു എന്നിവര് കളിക്കളത്തിലിറങ്ങി. ജിബ്രാള്ട്ടര് സ്വദേശിയും ഗോകുലം കേരള അക്കാദമി ഹെഡ് കോച്ചുമായ ജോയല് റിച്ചാര്ഡ് വില്യംസ്, കോഴിക്കോട് സ്വദേശിയായ ഷഹല്.പി എന്നിവരാണ് ഡി.എ.സിയിലെ കുട്ടികള്ക്ക് ഫുട്ബോള് പരിശീലനം നല്കുന്നത്. ലഹരി പദാര്ത്ഥങ്ങളോട് വേണ്ട എന്ന് പറയുവാന് കൗമാരക്കാരായ കുട്ടികളെ പ്രാപ്തരാക്കുന്നതിനാണ് പ്രോജക്ട് വേണ്ട നടപ്പിലാക്കുന്നത്. ടൂര്ണമെന്റില് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിദ്യാര്ത്ഥികളാണ് മത്സരിക്കുന്നത്. 27ന് ടൂര്ണമെന്റ് സമാപിക്കും.









GLOBAL COLLISION
& BODY WORKS LLC

AUTO BODY SERVICES

- Painting & Auto Body Work
- Wet Sanding & Detailing
- ADAS Calibration
- Windshield & Glass Replacement
- Towing Services

Electric & Hybrid Vehicle Auto Body and Collision Experts

Sensor and Radar Systems Experts

Complete Restoration Services Offered



CONTACT US 845- 727-4022

333 Rte 9W, Congers, NY 10920

Mon - Fri 9:00 AM - 6 PM
Sat 9:00 AM - 1:00 PM
Sun Closed